بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 9

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

ലക്കം 28

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2024 ജൂലൈ 11/ഹി.ശം 1403 വഫാ 11/ഹി:ഖ 1446 ദുൽഹജ്ജ് 28


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡۤا اٰمِنُوۡا بِاللّٰہِ وَرَسُوۡلِہٖ وَالۡکِتٰبِ الَّذِیۡ نَزَّلَ عَلٰی رَسُوۡلِہٖ وَالۡکِتٰبِ الَّذِیۡۤ اَنۡزَلَ مِنۡ قَبۡلُ ؕ (النساء:137)

'വിശ്വസിച്ചവരേ! അല്ലാഹുവിലും അവന്റെ ദൂതനിലും അവന്റെ ദൂതന് അവനിറക്കിയിട്ടുള്ള ഗ്രന്ഥത്തിലും(ഇതിനു)മുമ്പേ അവനിറക്കിക്കഴിഞ്ഞ ഗ്രന്ഥത്തിലും വിശ്വസിക്കുക.' (4:137)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.
അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ആത്മാവിന്റെ ആനന്ദം ഏതു കാര്യത്തിലാണെന്ന് ലോകത്തിന് അറിയുമായിരുന്നെങ്കിൽ! അതു ഖുർആൻ ശരീഫിലാണുള്ളതെന്നും ഖുർആൻ ശരീഫിൽ മാത്രമാണുള്ളതെന്നും പിന്നീട് അവർ അറിയുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

"ഇക്കാലത്ത് ലോകത്തിന്റെ ശ്രദ്ധ ഭൗതികവിദ്യാഭ്യാസത്തിലേക്ക് വളരെ കുനിഞ്ഞിരിക്കുന്നത് ഞാൻ കാണുന്നു. പാശ്ചാത്യ പ്രകാശം ലോകത്തെ തന്റെ പുതിയ കണ്ടുപിടിത്തങ്ങളും ശിൽപവേലകളുംകൊണ്ട് അത്ഭുതപ്പെടുത്തിവെച്ചിരിക്കുകയാണ്. മുസ്‌ലിമീങ്ങളും തങ്ങളുടെ വിജയത്തിനും ഉന്നമനത്തിനും വേണ്ടി എന്തെങ്കിലും വഴി ചിന്തിച്ചിട്ടുണ്ടെങ്കിൽ നിർഭാഗ്യവശാൽ അവർ ചിന്തിച്ചിട്ടുള്ളത് പാശ്ചാത്യദേശത്ത് വസിക്കുന്നവരെ തങ്ങളുടെ ഇമാമാക്കുകയും യൂറോപ്പിനെ അനുകരിക്കുന്നതിൽ അഭിമാനം കൊള്ളുകയും ചെയ്യുക എന്നതാണ്. ഇതാണ് ആധുനിക വെളിച്ചത്തെ മുസ്‌ലിമീങ്ങളുടെ അവസ്ഥ. പുരാതന ഫാഷന്റെ മുസ്‌ലിമീങ്ങൾ എന്നു പറയപ്പെടുന്നവരും തങ്ങളാണ് ഈടുറ്റദീനിന്റെ സഹായികളെന്ന് മനസ്സിലാക്കുന്നവരും ആയുസ്സു മുഴുവൻ സമ്പാദിച്ചിട്ടുള്ളതിന്റെ സംഗ്രഹവും സാരവും എന്താണെന്നാൽ, കേവലം 'സ്വർഫോനഹ്‌വി'ന്റെ അതായത് വ്യാകരണ ശാസ്ത്രത്തിന്റെ വഴക്കുകളിലും തർക്കങ്ങളിലും കുടങ്ങിയിരിക്കുകയും 'ള്ളാല്ലീൻ' എന്ന പദത്തിന്റെ ഉച്ചാരണത്തിലുള്ള പിടിവാശിയുമാണ്. വിശുദ്ധ ഖുർആനിലേക്ക് ലവലേശം ശ്രദ്ധയില്ല. ആത്മസംസ്കരണത്തിലേക്ക് ശ്രദ്ധ തന്നെ ഇല്ലാതിരിക്കുമ്പോൾ അതെങ്ങനെയുണ്ടാകാനാണ്! എന്നാൽ, ആത്മസംസ്കരണത്തിന്റെ വാദമുന്നയിക്കുന്ന ഒരു സംഘവമുണ്ട്. അത് സ്വൂഫീവര്യന്മാരുടേയും സിദ്ധപീഠത്തിലിരിക്കുന്നവരുടേതുമാണ്. എന്നാൽ, അവർ വിശുദ്ധ ഖുർആൻ ഉപേക്ഷിച്ചുകളഞ്ഞു. തങ്ങളുടെതന്നെ കണ്ടുപിടിത്തത്തിന്റെ മാർഗം ഏറ്റെടുത്തിരിക്കുന്നു. ചിലർ തപോവൃത്തി ചെയ്യുന്നു. ചിലർ ലാഇലാഹ ഇല്ലല്ലായുടെ ശബ്ദം മുഴക്കുന്നു. ചിലർ മന്ത്രിച്ചൂതലിലും മറ്റും അകപ്പെട്ടിരിക്കുന്നു. ചുരുക്കത്തിൽ അല്ലാഹുവിന്റെ റസൂലിൽനിന്ന് ഒരിക്കലും സ്ഥാപിതമാകാത്തതും വിശുദ്ധ ഖുർആൻ അംഗീകരിക്കാത്തതും നുബുവ്വത്ത് ഒരിക്കലും ഇഷ്ടപ്പെടാത്തതുമായ മാർഗങ്ങളാണ് അവർ കണ്ടുപിടിച്ച് വെച്ചിരിക്കുന്നത്. മനുഷ്യൻ തന്നിൽ ഒരു പരിശുദ്ധ മാറ്റമുണ്ടാക്കാതെ, ആത്മാവിന്റെ സംസ്കരണം നടത്താതെ വിശുദ്ധ ഖുർആനിന്റെ കാര്യജ്ഞാനങ്ങളേയും വിശേഷതകളേയും കുറിച്ച് വിവരം കിട്ടുകയില്ലെന്ന് ഓർക്കേണ്ടതാണ്. ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്ന സുപ്രധാന ആശയങ്ങളും യാഥാർഥ്യങ്ങളും വിശുദ്ധ ഖുർആനിലുണ്ട്.

ആത്മാവിന്റെ ആനന്ദം ഏതു കാര്യത്തിലാണെന്ന് ലോകത്തിന് അറിയുമായിരുന്നെങ്കിൽ! അതു ഖുർആൻ ശരീഫിലാണുള്ളതെന്നും ഖുർആൻ ശരീഫിൽ മാത്രമാണുള്ളതെന്നും പിന്നീട് അവർ അറിയുന്നു." *(മൽഫൂദാത്ത് വാല്യം 1, പേജ് 385, പ്രസാധനം ഖാദിയാൻ 2018)*

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

**മദ്യവിൽപന നിഷിദ്ധം:**

(2083) ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: മനുഷ്യർക്ക് ഒരു കാലഘട്ടം വരും. അന്ന് മനുഷ്യൻ സമ്പാദിക്കുന്ന ധനം ഹറാമായതോ ഹലാലായതോ എന്നൊന്നും ഗൗനിക്കുകയില്ല.

(2084) ഹദ്റത്ത് ആഇശ(റ) പറയുന്നു: സൂറത്തു ബഖറയിലെ അവസാനത്തെ സൂക്തം അവതരിപ്പിക്കപ്പെട്ടപ്പോൾ മസ്ജിദിൽവച്ച് നബി(സ)തിരുമേനി അത് അവർക്ക് ഓതിക്കൊടുത്തു. ശേഷം മദ്യവിൽപ്പന നടത്തുന്നത് നബി(സ)തിരുമേനി വിരോധിച്ചു.

**ഹദ്റത്ത് ഖബ്ബാബ്(റ)ന്റെ ഈമാനും അദ്ദേഹത്തിന്റെ ഉറച്ചുനിൽക്കലും:**

(2091)ഹദ്റത്ത് ഖബ്ബാബ്(റ) പറയുന്നു: അജ്ഞാന കാലത്ത് ഞാനൊരു കൊല്ലനായിരുന്നു. ആസ്വിബ്നു വാഇൽ എനിക്കൊരു സംഖ്യ കടം വീട്ടാനുണ്ടായിരുന്നു. ഞാനത് ചോദിച്ചുകൊണ്ട് അയാളെ സമീപിച്ചു. അയാൾ പറഞ്ഞു: നീ മുഹമ്മദിനെ നിഷേധിക്കും വരേക്കും നിന്റെ സംഖ്യ ഞാൻ തരികയില്ല. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹു നിന്നെ മരിപ്പിച്ച് പുനർജീവിപ്പിക്കുംവരേക്കും മുഹമ്മദു(സ)നെ ഞാൻ നിഷേധിക്കുകയില്ല. അയാൾ പറഞ്ഞു: എങ്കിൽ ഞാൻ മരിച്ച് വീണ്ടും ജീവിക്കുന്നതുവരെ നീയെന്നെ വിട്ടേക്കുക. അന്നെനിക്ക് ധാരാളം ധനവും സന്താനവും കൈവരും. അപ്പോൾ നിന്റെ കടം ഞാൻ വീട്ടാം. ഈ സന്ദർഭത്തിലാണ് താഴെ പറയുന്ന സൂക്തം അവതരിപ്പിക്കപ്പെട്ടത്."നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവനെ നീ കണ്ടുവോ? അവൻ പറയുന്നു, തനിക്ക് ധനവും

ശേഷം പേജ് 11ൽ

**ഉടമ്പടികളുടെ പാലനം സാമൂഹികപരമായ ഐക്യത്തിന്റെ സ്ഥാപനത്തിന് വളരെ ആവശ്യമാകുന്നു. അതുകൊണ്ട് പരസ്പരവിശ്വാസം നിലനില്ക്കാനും സ്വന്തം താൽപര്യത്തോടുകൂടി പരസ്പരം സഹായിക്കാൻ തയ്യാറാകാനും ജനത അഭിവൃദ്ധിപ്പെടാനുംവേണ്ടി മനുഷ്യൻ കഴിയുന്നിടത്തോളം തന്റെ വാഗ്ദാനം പൂർത്തിയാക്കേണ്ടതാണ്.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)സൂറ നഹ്‌ലിലെ 93-ാമത്തെ വചനമായ

وَلَا تَتَّخِذُوۡۤا اَیۡمَانَکُمۡ دَخَلًۢا بَیۡنَکُمۡ فَتَزِلَّ قَدَمٌۢ بَعۡدَ ثُبُوۡتِہَا وَتَذُوۡقُوا السُّوۡٓءَ بِمَا صَدَدۡتُّمۡ عَنۡ سَبِیۡلِ اللّٰہِ ۚ وَلَکُمۡ عَذَابٌ عَظِیۡمٌ ﴿۹۳﴾

എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ പറയുന്നു: "ഈ ആയത്തിനെ ഒരു പുതിയ വിഷയമായി നിശ്ചയിക്കാവുന്നതാണ്. മുമ്പേയുള്ള ആയത്തിന്റെ വിഷയത്തിന്റെ തുടർച്ചയായും പറയാവുന്നതാണ്. ആദ്യ ആയത്തിലെ വിഷയംതന്നെയാണ് തുടരുന്നതെന്ന് മനസ്സിലാക്കുകയാണെങ്കിൽ അതിന്റെ അർഥം ഇങ്ങനെയായിരിക്കും: 'പരസ്പരമുള്ള ഉടമ്പടികൾ പൂർണമായും നിറവേറ്റുക. നിങ്ങൾ ആ ഉടമ്പടികൾ ലംഘിക്കുകയാണെങ്കിൽ അല്ലാഹു നിങ്ങൾക്കുണ്ടാക്കിത്തന്ന ശക്തമായ ജമാഅത്ത്നശിച്ചുപോകുന്നതായിരിക്കും. പരസ്പരമുള്ള വിശ്വാസം നഷ്ടപ്പെട്ടുപോകുന്നതായിരിക്കും.'

ഉടമ്പടികളുടെ പാലനം സാമൂഹികപരമായ ഐക്യത്തിന്റെ സ്ഥാപനത്തിന് അത്യന്താപേക്ഷിതമാകുന്നു. കാരണം ജമാഅത്തിന്റെ സ്ഥാപനം പരസ്പരമുള്ള സൽപെരുമാറ്റത്തിലധിഷ്ഠിതമാണ്. ജനങ്ങൾ ഉടമ്പടികൾ പാലിക്കുന്നതുവരെ മാത്രമെ സൽപെരുമാറ്റം നിലനില്ക്കുകയുള്ളൂ. ജനങ്ങൾ ഉടമ്പടികൾ പാലിക്കാതെ വരുമ്പോൾ ആദ്യം നിരാശയും പിന്നീട് ദുർധാരണയുമുണ്ടാകുന്നു. ഒരു വ്യക്തിയുടെ ദുഷ്കർമത്തിന്റെ ഫലമായി മറ്റുള്ള നൂറുക്കണക്കിനാളുകൾ സാമൂഹികവ്യവസ്ഥിതിയുടെ നേട്ടങ്ങളിൽനിന്ന് പിന്തള്ളപ്പെടുന്നു. അതുകൊണ്ട് പരസ്പരവിശ്വാസം നിലനില്ക്കാനും സ്വന്തം താൽപര്യത്തോടുകൂടി പരസ്പരം സഹായിക്കാൻ തയ്യാറാകാനും ജനത അഭിവൃദ്ധിപ്പെടാനുംവേണ്ടി മനുഷ്യൻ കഴിയുന്നിടത്തോളം തന്റെ വാഗ്ദാനം പൂർത്തിയാക്കേണ്ടതാണ്.

വ്യക്തിഗതമായ പ്രതിജ്ഞയ്ക്കു പുറമെ ഒരു സാമൂഹികമായ പ്രതിജ്ഞ

ശേഷം പേജ് 11ൽ

## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ
31 മെയ് 2024

ലേഖനം

നബി(സ) തിരുമേനിയുടെ
ജീവചരിത്രം-2


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**സ്വഹാബാക്കളുടെ അധികമധിമായി ഇത്തരത്തിലുള്ള സംഭവങ്ങൾ ചരിത്രങ്ങളിൽ ലഭിക്കുന്നുണ്ട്. അവർ അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നതുതന്നെ സന്തോഷമായി കണ്ടിരുന്നു.**

**സരിയ്യത്ത് ബിഅ്ർ മഊനഃയിൽ പങ്കെടുത്ത എല്ലാ സ്വഹാബാക്കളും യുവാക്കളായിരുന്നു. ഇവർ ഖുർആൻ ഖാരിമാരായതുകൊണ്ട് അവർ ഖുർറാഅ് എന്ന പേരിലും അനുസ്മരിക്കപ്പെടുന്നു.**

**ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ പറഞ്ഞു: 'അല്ലയോ ബിഅ്ർ മഊനഃക്കാരേ! ഞാൻ നിങ്ങളുടെ അടുക്കൽ അല്ലാഹുവിന്റെ റസൂലിന്റെ ദൂതനായിട്ടാണ് വന്നിട്ടുള്ളത്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ്(സ)അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുവിൻ.'**

**"ഇസ്‌ലാം വാളിന്റെ ബലത്താലല്ല വിജയം വരിച്ചത്. ഇസ്‌ലാം മനസ്സുകളിലേക്ക് ഇറങ്ങുന്ന അധ്യാപനങ്ങൾ മുഖേനയാണ് വിജയം വരിച്ചത്. അത് സ്വഭാവങ്ങളിൽ ഉന്നത തലത്തിലുള്ള മാറ്റം ഉണ്ടാക്കുന്നവയാണ്."(മുസ്‌ലിഹ് മൗഊദ്(റ))**

**അംറ് ബിൻ ത്വുഫയ്ൽ ഈ ആക്രമണത്തിനുശേഷവും ജീവിച്ചിരുന്നു. അയാൾക്ക് നബി(സ)തിരുമേനിയുടെ ശാപപ്രാർഥന ഏൽക്കുകയും പ്ലേഗ് ബാധിക്കുകയും അങ്ങനെ സത്യനിഷേധത്തിന്റെ അവസ്ഥയിൽ തന്നെ മരണപ്പെടുകയും ചെയ്തു.**

**നബി(സ)തിരുമേനിക്ക് ഈ പ്രയാസങ്ങളിൽ വലിയ ദുഃഖമുണ്ടായിരുന്നു. പക്ഷേ, ഇസ്‌ലാമിൽ ഏതവസ്ഥയിലും ക്ഷമ കൈക്കൊള്ളുവാനാണ് പറഞ്ഞിരിക്കുന്നത്. നബി(സ)തിരുമേനി ഈ വാർത്ത കേട്ടപ്പോൾ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ എന്ന് പറഞ്ഞ് മൗനം പാലിച്ചു.**

**നബി(സ)തിരുമേനിക്ക് ഈ സംഭവത്തിൽ എത്രകണ്ട് സങ്കടമുണ്ടായാലും അത് കുറവായിരുന്നു. പക്ഷേ, നബി(സ)തിരുമേനി ആ സമയത്ത് റജീഅ്, ബിഅ്ർ മഊനഃ എന്നിവയുടെ രക്തദാഹികൾക്കെതിരിൽ ഒരു യുദ്ധ നടപടിയും കൈക്കുള്ളുകയുണ്ടായില്ല.**

**റജീഅ്, ബിഅ്ർ മഊനഃ സംഭവങ്ങൾക്കുശേഷം നബി(സ)തിരുമേനി ഒരുമാസംവരെ നമസ്കാരത്തിൽ ഖുനൂത്ത് ചൊല്ലുമായിരുന്നു. അതിൽ രിഅ്ൽ, ദക്‌വാൻ ബനൂലഹ്‌യാൻ എന്നീ ഗോത്രങ്ങൾക്കെതിരിൽ ശാപപ്രാർഥന നടത്തിക്കൊണ്ടിരുന്നു.**

**ബിഅ്ർ മഊനഃ സരിയ്യത്തിന്റെ അവസ്ഥകളുടേയും സംഭവങ്ങളുടേയും വിവരണം ഇപ്രകാരംതന്നെ ഫലസ്ത്വീനികൾക്കുവേണ്ടിയും പാക്കിസ്താനിലെ അഹ്‌മദികൾക്കുവേണ്ടിയും ലോകത്തെ പൊതുവായ അവസ്ഥകൾക്കുവേണ്ടിയും ദുആക്ക് ആഹ്വാനം.**

**ഖുത്ബ ജുമുഅ 2024 ജൂൺ 7, 1403 ഇഹ്സാൻ 7**
**മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഇന്ന് വിവരിക്കുന്ന സരിയ്യത്ത് (യുദ്ധ നീക്കം) സരിയ്യ ഹദ്റത്ത് മുൻദിർ ബിൻ അംറ് അഥവാ സരിയ്യ ബിഅ്ർ മഊനഃ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ വേദനാജനകമായ സംഭവവും ഹിജറ നാലാം വർഷമാണുണ്ടായത്. ചിലരുടെ വീക്ഷണത്തിൽ ഇത് സരിയ്യറജീയിനു മുമ്പേയാണ് നടന്നത്. എന്നാൽ, വേറെ ചിലർ റജീഅ് യുദ്ധത്തിനുശേഷമാണ് നടന്നതെന്ന് പറയുന്നു. ഈ സംഭവവും റജീഅ് യുദ്ധംപോലെതന്നെ ശത്രുക്കളുടെ കരാർ ലംഘനത്തിന്റെയും അതിക്രമത്തിന്റെയും നികൃഷ്ടമായ ഉദാഹരണമാകുന്നു. ഈ സരിയ്യത്തിന്റെ (നബി(സ) തിരുമേനി നേരിട്ട് പങ്കെടുക്കാതിരുന്ന യുദ്ധത്തിന്റെ) പേര് ബിഅ്ർ മഊനഃ എന്നും പറയപ്പെടുന്നു. ബിഅ്ർ മഊനഃ മക്കയിൽനിന്ന് മദീനയിലേക്ക് പോകുന്ന വഴിയിൽ ബനൂസുലയ്മിന്റെ പ്രദേശത്തുള്ള ഒരു കിണറാകുന്നു. ഇതേപേരിൽ തന്നെയാണ് ഈ സ്ഥലവുമുണ്ടായിരുന്നത്. ഇക്കാരണംകൊണ്ടാണ് ഇതിന്റെ പേര് സരിയ്യത്ത് ബിഅ്ർ മഊനഃ എന്ന് പ്രസിദ്ധമായത്. ഈ സരിയ്യത്തിന്റെ അമീർ ഹദ്റത്ത് മുൻദിർ ബിൻ അംറ് ആയിരുന്നു. അതുകൊണ്ട് ഇത് സരിയ്യത്ത് ഹദ്റത്ത് മുൻദിർ ബിൻ അംറ് എന്ന പേരിലും അറിയപ്പെടുന്നു. അതുപോലെ ഇത് സരിയ്യത്തുൽ ഖുർറാഅ് എന്ന പേരിലും അറിയപ്പെടുന്നുണ്ട്. സരിയ്യത്ത് ബിഅ്ർ മഊനഃയിൽ പങ്കെടുത്ത എല്ലാ സ്വഹാബാക്കളും യുവാക്കളായിരുന്നു. ഇവർ ഖുർആൻ ഖാരിമാരായതുകൊണ്ട് അവർ ഖുർറാഅ് എന്ന പേരിലും അനുസ്മരിക്കപ്പെടുന്നു.*(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 57, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 437, 391. ദാറുസ്സലാം റിസർച്ച് സെന്റർ) (ഫർഹങ്കെ സീറത്ത് പേജ് 69, സവാർ അക്കാഡമി, കറാച്ചി 2003)*

ഈ സരിയ്യത്തിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എം.എ എഴുതുന്നു:

സുലയിം, ഗത്ഫാൻ എന്നീ ഗോത്രങ്ങൾ, അറേബ്യൻ ഗോത്രങ്ങൾക്ക് നടുവിൽ നജ്

ദിന്റെ മേൽഭാഗത്താണ് വസിച്ചിരുന്നത്. ഇവർ മുസ്‌ലിമീങ്ങൾക്കെതിരിൽ മക്കയിലെ ഖുറയ്ശികളുമായി ചേർന്ന് കഴിയുന്നവരായിരുന്നു. പതുക്കെപ്പതുക്കെ ദ്രോഹികളായ ഈ ഗോത്രങ്ങളുടെ അക്രമങ്ങൾ വർധിച്ചു കൊണ്ടിരുന്നു. നജ്ദിന്റെ മേൽ പ്രദേശം മുഴുവനും ഇസ്‌ലാമിനോടുള്ള ശത്രുതയുടെ വിഷംകാരണം വിഷലിപ്ത മായിരുന്നു. അങ്ങനെ ആ ദിവസങ്ങളിൽ മധ്യഅറേബ്യൻ ഗോത്ര നേതാവായിരുന്ന അബൂ ബറാഅ് ആമിരി നബി(സ)തിരുമേനിയെ സന്ദർശിക്കാനെത്തുകയുണ്ടായി. നബി(സ)തിരുമേനി വളരെ സൗമ്യമായും സ്നേഹത്തോടെയും അയാൾക്ക് തബ്‌ലീഗ് ചെയ്തു. അയാളും പ്രത്യക്ഷത്തിൽ വളരെ താൽപര്യത്തോടെയും ശ്രദ്ധയോടെയും നബി(സ)തിരുമേനിയുടെ പ്രഭാഷണം ശ്രവിക്കുകയുണ്ടായി. പക്ഷേ, മുസ്‌ലിമായില്ല. എങ്കിലും അയാൾ നബി(സ)തിരുമേനിയോട് പറഞ്ഞു: 'താങ്കളെന്നോടൊപ്പം ഏതാനും സ്വഹാബാക്കളെ നജ്ദിലേക്ക് അയക്കുക, അവർ അവിടെ വന്ന് നജ്ദുകാർക്ക് ഇസ്‌ലാമിന്റെ സന്ദേശം നൽകുകയാണെങ്കിൽ നജ്ദുവാസികൾ താങ്കളുടെ സന്ദേശത്തെ നിരാകരിക്കുകയില്ലെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.' നബി(സ)തിരുമേനി പറഞ്ഞു: "എനിക്ക് നജ്ദുകാരിൽ വിശ്വാസമില്ല." അബൂ ബറാഅ് പറഞ്ഞു: 'താങ്കൾ ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല. ഞാൻ താങ്കൾ അയക്കുന്ന ആളുകളുടെ സംരക്ഷണ കാര്യത്തിൽ ജാമ്യം നിൽക്കാം.' അങ്ങനെ നബി(സ)തിരുമേനി, അബൂ ബറാഅ് ഒരു ഗോത്രത്തലവനായതുകൊണ്ടും സ്വാധീനമുള്ള ആളായതുകൊണ്ടും അയാൾ ആശ്വാസം നൽകിയതിൽ വിശ്വസിച്ചുകൊണ്ട് സ്വഹാബാക്കളുടെ ഒരു സംഘത്തെ നജ്ദിലേക്ക് പറഞ്ഞയച്ചു. ഇതു ചരിത്രത്തിലെ നിവേദനമാണ്.

ബുഖാരിയിൽ വരുന്നു: "രിഅ്ൽ, ദക്‌വാൻ തുടങ്ങിയ ഗോത്രങ്ങളിലെ (ഇവർ സുപ്രസിദ്ധ ഗോത്രമായ ബനൂ സുലയ്മിന്റെ ശാഖകളായിരുന്നു) കുറച്ചാളുകൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി തങ്ങൾ ഇസ്‌ലാമിലാണെന്ന് പ്രകടിപ്പിച്ചുകൊണ്ട് തങ്ങളുടെ ജനതയിലെ ഇസ്‌ലാമിലെ ശത്രുക്കൾക്കെതിരിൽ തങ്ങളെ സംരക്ഷിക്കാൻ ഏതാനും ആളുകളെ അയക്കണമെന്ന് അപേക്ഷിക്കുകയുണ്ടായി. ഇവിടെ ഏതു വിധത്തിലുള്ള സഹായമാണെന്ന് വിശദമാക്കിയിട്ടില്ല. ഏതായാലും അതേ തുടർന്ന് നബി(സ)തിരുമേനി ഒരു സംഘത്തെ അയക്കുകയുണ്ടായി. ദൗർഭാഗ്യവശാൽ ബിഅ്ർ മഊനഃയുടെ വിഷയത്തിൽ ബുഖാരിയുടെ വിശദീകരണത്തിൽ കുറച്ച് അവ്യക്തതകളുണ്ട്. അതുകൊണ്ട് യാഥാർഥ്യം പൂർണമായും തെളിയുന്നില്ല. പക്ഷേ, ആ സന്ദർഭത്തിൽ രിഅ്ൽ, ദക്‌വാൻ തുടങ്ങിയ ഗോത്രക്കാർ നബി(സ)തിരുമേനിയുടെ സവിധത്തിൽവന്ന് ഏതാനും സ്വഹാബാക്കളെ തങ്ങളോടൊപ്പം അയക്കാൻ ആവശ്യപ്പെട്ടിരുന്നുവെന്ന കാര്യമുറപ്പാണ്. ഈ രണ്ട് നിവേദനങ്ങളും തമ്മിൽ യോജിപ്പിക്കണമെങ്കിൽ രിഅ്ൽ, ദക്‌വാൻ ഗോത്രത്തിലെ ആളുകളോടൊപ്പം ആമിർ ഗോതത്തലവൻ അബൂബറാഅ് ആമിരിയും വന്ന് നബി(സ)തിരുമേനിയോടു അവർക്കു വേണ്ടി സംസാരിച്ചിട്ടുണ്ടാകുമെന്ന് കരുതേണ്ടി വരും. അതുകൊണ്ടുതന്നെ ചരിത്ര നിവേദനങ്ങൾ പ്രകാരം നബി(സ)തിരുമേനി, തനിക്ക് നജ്ദുകാരെപ്പറ്റി ഒരു തൃപ്തിയുമില്ലെന്ന് പറയുമ്പോൾ, അതിനുകൊടുത്ത മറുപടിയിൽ 'താങ്കൾ അവരെപ്പറ്റി ഒട്ടും ആശങ്കപ്പെടേണ്ടതില്ലെന്നും താങ്കളുടെ സ്വഹാബാക്കൾക്ക് ഒരു പ്രയാസവുമുണ്ടാകുകയില്ലെന്ന കാര്യത്തിൽ താൻ അവർക്ക് ജാമ്യമാണെന്നും' പറയുന്നതിൽ നിന്ന് അബൂ ബറാഅ്യോടൊപ്പം രിഅ്ൽ, ദക്‌വാൻ ഗോത്രക്കാരും വന്നതുകൊണ്ടാണ് നബി(സ)തിരുമേനി ആശങ്കപ്പെടുന്നതെന്ന് സൂചന ലഭിക്കുന്നുണ്ട്. വല്ലാഹു അഅ്‌ലം.

ഏതായാലും ഹിജ്റ നാലാം വർഷം സ്വഫർ മാസത്തിൽ നബി(സ)തിരുമേനി, മുൻദിർ ബിൻ അംറ് അൻസ്വാരിയുടെ നേതൃത്വത്തിൽ സ്വഹാബാക്കളുടെ ഒരു സംഘത്തെ അയക്കുകയുണ്ടായി. ഇവരെല്ലാം പൊതുവേ അൻസ്വാരിൽ നിന്നുള്ളവരായിരുന്നു. ഇവർ 70 പേരുണ്ടായിരുന്നു. എല്ലാവരും വിശുദ്ധ ഖുർആൻ ഖാരിമാർ (ഓത്തു പഠിച്ചവർ) ആയിരുന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ) എം.എ. പേജ് 517-518)*

ഒരു ഗ്രന്ഥകാരൻ എഴുതുന്നു: "അല്ലാഹുവിന്റെ ദീൻ ലോകം മുഴുവൻ വിജയിക്കണമെന്നും ജനങ്ങളെല്ലാം ഇസ്‌ലാമിന്റെ സമാധാനത്തിനു കീഴിൽ വരണമെന്നും ഒരു ദൈവത്തിന്റെ ദാസത്വം സ്വീകരിച്ചുകൊണ്ട് അവർ ഇഹപരലോകങ്ങളിൽ വിജയിക്കണമെന്നും മാത്രമായിരുന്നു നബി(സ)തിരുമേനിക്ക് എപ്പോഴുമുണ്ടായിരുന്ന ആഗ്രഹം. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി ദീനീ പ്രചാരണത്തിന് വലിയ പ്രാധാന്യം കൊടുത്തിരുന്നു. അതിനുവേണ്ടി തന്റെ സകല കഴിവുകളും ചെലവഴിക്കാനും വലിയ വലിയ ത്യാഗങ്ങൾ അനുഷ്ഠിക്കാനും അമാന്തിച്ചിരുന്നുമില്ല. ഈ കാരണം കൊണ്ടു തന്നെയാണ്, നജ്ദിലെ അപരിഷ്കൃതരായ ഗ്രാമീണവാസികളെപ്പറ്റി ആശങ്ക ഉണ്ടായിരുന്നിട്ടു കൂടി അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് ഒരു വിശിഷ്ട സംഘത്തെ അവരുടെ അടുത്തേക്ക് അയക്കാൻ തയ്യാറായത്. തബ്‌ലീഗിനും ദീനീ പ്രചാരണത്തിനുമുള്ള കടമ പൂർത്തിയാക്കാൻ വേണ്ടി മാത്രമാണ് നബി(സ)തിരുമേനി ഇത്രയും വലിയൊരു നീക്കത്തിന് മുതിർന്നത്. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 490-491, ദാറുസ്സലാം റിസർച്ച് സെന്റർ)*

ചുരുക്കത്തിൽ സൈന്യാധിപനായ ഹദ്റത്ത് മുൻദിർ ബിൻ അംറ്, ബനൂ സുലയ്മിലെ വഴികാട്ടിയായ മത്‌ലബ് സൽമിയോടൊപ്പം പുറപ്പെട്ടു. അങ്ങനെ അവർ ബിഅ്റെ മഅ്ഊനഃയിലെത്തി താവളമടിച്ചു. ഹദ്റത്ത് അംറ് ബിൻ ഉംരിയുടെ മേൽനോട്ടത്തിൽ തങ്ങളുടെ യാത്രാമൃഗങ്ങളെ മേയാൻ വിടുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം ഹാരിഥ് ബിൻ സിമ്മയും ഉണ്ടായിരുന്നു. ഹാരിഥ് അല്ല മുൻദിർ ബിൻ മുഹമ്മദാണെന്ന് ഇബ്നു ഹിശാം എഴുതുന്നു. *(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 58, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഈ സരിയ്യത്തുമായി ബന്ധപ്പെട്ട് നബി(സ)തിരുമേനി ആമിർ ബിൻ ത്വുഫയ്‌ലിന്റെ പേരിൽ എഴുതിയ ഒരു കത്തിനെ പറ്റിയും പരാമർശം കാണുന്നുണ്ട്. ഈ കത്തിന്റെ വിശദാംശങ്ങളെ സംബന്ധിച്ച് പറയുന്നു:

നബി(സ)തിരുമേനി, ആമിർ ബിൻ ത്വുഫയ്‌ലിന്റെ പേരിൽ സ്വഹാബാക്കളുടെ സംഘം മുഖേന ഒരു കത്തും നൽകുകയുണ്ടായി. ഇയാൾ അബൂ ബറാഅ് ആമിർ ബിൻ മാലിക്കിന്റെ സഹോദരപുത്രനും ബനൂ ആമിർ ഗോത്രത്തിലെ അഹങ്കാരിയായ ഒരു നേതാവുമായിരുന്നു. അതേസമയം ഇയാൾ മനസ്സുകൊണ്ട് നബി(സ)തിരുമേനിയുടെ സന്ദേശത്തിന്റെ സത്യാവസ്ഥയേയും സത്യസാക്ഷ്യത്തേയും അംഗീകരിച്ചിരുന്നു. നബി(സ)തിരുമേനിക്ക് അടുത്തുതന്നെ അറേബ്യൻ ദ്വീപിൽ മുഴുവനും വിജയവും മേൽക്കോയ്മയും കിട്ടുമെന്ന സത്യം അയാൾ നല്ലപോലെ മനസ്സിലാക്കിയിരുന്നു. പക്ഷേ, അപ്പോഴും അയാൾ തന്റെ അധികാരത്തെ പറ്റിയാണ് സ്വപ്നം കണ്ടിരുന്നത്. താൻ നേരത്തെതന്നെ പോയി നബി(സ)തിരുമേനിയോട് എന്തെങ്കിലും ഇടപാട് നടത്തുന്നതല്ലേ നല്ലതെന്ന നിലയ്ക്ക് അയാളുടെ ഉള്ളിൽ സാത്താനിക ചിന്തകൾ വന്നുതുടങ്ങി. അങ്ങനെ അയാൾ നബി(സ)തിരുമേനിയുടെ സവിധത്തിലെത്തി പറഞ്ഞു: 'ഗ്രാമീണവാസികൾക്കുമേൽ താങ്കളുടെയും നഗരവാസികൾക്കുമേൽ എന്റെയും ഭരണമായിരിക്കണം. അല്ലെങ്കിൽ താങ്കൾക്കുശേഷം ഞാൻ താങ്കളുടെ ഖലീഫയും പ്രതിനിധിയുമാകണം. ഇതിലേതു വേണമെന്ന് താങ്കൾക്ക് തീരുമാനിക്കാം. അതല്ലെങ്കിൽ ഞാൻ ഗത്ഫാനിലെ ആയിരം ചെമന്ന കുതിരകളും ആയിരം ഒട്ടകങ്ങളുമടങ്ങുന്ന ഒരു സംഘവുമായി താങ്കളോടു യുദ്ധം ചെയ്യുന്നതായിരിക്കും. മൂന്ന് നിബന്ധനകളാണ് അയാൾ മുന്നോട്ടു വെച്ചത്. നബി(സ)തിരുമേനി ആമിർ ബിൻ ത്വുഫയ്‌ലിന്റെ വിവരംകെട്ട ഈ എല്ലാ ആവശ്യങ്ങളും നിരാകരിച്ചു. ഒരു കാര്യവും അംഗീകരിച്ചില്ല. അങ്ങനെ അയാൾ നിരാശനായി തിരിച്ചുപോയി.

ബിഅ്ർ മഊനഃ സരിയ്യത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനി അവർക്ക് ഇസ്‌ലാമിക സന്ദേശം നൽകുന്നത് ഉചിതമാണെന്ന് കരുതി. അങ്ങനെ നബി(സ)തിരുമേനി അയാളുടെ പേരിൽ ഒരു കത്ത് തയ്യാറാക്കി സ്വഹാബാക്കളുടെ കൈയിൽ കൊടുത്തു വിട്ടു. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 492-394, ദാറുസ്സലാം റിസർച്ച് സെന്റർ)*

സൈന്യാധിപനായ ഹദ്റത്ത് മുൻദിർ ബിൻ അംറ്, ഹദ്റത്ത് ഹറാം ബിൻ മിൽഹാനെ നബി(സ)തിരുമേനിയുടെ കത്തുമായി ബനൂ ആമിർ ഗോത്രത്തലവനായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുക്കലേക്ക് പറഞ്ഞയച്ചു. *(സുബുലുൽഹുദാ വർറശാദ്, വാള്യം 6, പേജ് 58, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ ഈ കത്തുമായി പോയത് സംബന്ധിച്ച വിശദീകരണത്തിൽ പറയുന്നു: 'ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ തന്നോടൊപ്പം രണ്ടു സുഹൃത്തുക്കളേയും കൂട്ടിയിരുന്നു. അതിലൊരു സ്വഹാബിയുടെ കാലിന് സ്വാധീനക്കുറവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് കഅ്ബ് ബിൻ സയ്ദ് എന്നായിരുന്നു. അതേസമയം രണ്ടാമത്തെ സുഹൃത്തിനെ പറ്റി മിക്കവാറും എല്ലാ നബി ചരിത്രകാരന്മാരും നിശബ്ദരാണ്. പക്ഷേ, ബുഖാരിയുടെ വ്യാഖ്യാനമായ ഫത്ഹുൽ ബാരിയിൽ ഗസ്‌വത്തു റജീഅ് എന്ന അധ്യായത്തിനുകീഴിൽ ഈ സംഭവം വിവരിച്ചു കൊണ്ട് അദ്ദേഹത്തിന്റെ പേര് മുൻദിർ ബിൻ മുഹമ്മദ് എന്നാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഏതായാലും ഇവർ മൂന്നുപേരും പുറപ്പെട്ടു. ഹദ്റത്ത് ഹറാം തന്റെ രണ്ടു കൂട്ടുകാരോടും തന്റെ അടുക്കൽത്തന്നെ ഉണ്ടാകണമെന്ന് നേരത്തെതന്നെ പറഞ്ഞു വെച്ചിരുന്നു. ഞാൻ അയാളുടെ അടുക്കൽ പോകുകയാണ്, അയാൾ എനിക്ക് അഭയം നൽകിയാൽ നല്ലത്. അഥവാ അയാൾ എന്നെ വധിക്കുകയാണെങ്കിൽ നിങ്ങൾ രണ്ടു പേരും നിങ്ങളുടെ കൂട്ടുകാരുടെ അടുക്കൽ മടങ്ങി പോകണം.*(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 156, ബസം ഇഖ്ബാൽ ലാഹോർ), (ഫത്ഹുൽബാരി വാള്യം 7, പേജ് 448, ദാറുർറയ്യാൻ ലിത്തുറാഥിൽ ഖാഹിറ 1986)*

തുടർന്ന് അദ്ദേഹം ധൈര്യപൂർവം അല്ലാഹുവിന്റെ ശത്രുവായ ആമിർ ബിൻ ത്വുഫയ്ലിന്റെ അടുക്കൽപോയി. അയാൾ ബനൂ ആമിർ ഗോത്രത്തിലെ ആളുകളോടൊപ്പം ഇരിക്കുകയായിരുന്നു. ഹറാം അവരോടു പറഞ്ഞു: 'ഞാൻ നിങ്ങൾക്ക് റസൂലുല്ലാഹ്(സ)ന്റെ ഒരു കത്ത് നൽകുന്ന കാര്യത്തിൽ നിങ്ങൾ എനിക്ക് അഭയം നൽകുമോ?' അവർ പറഞ്ഞു: 'തീർച്ചയായും ഞങ്ങൾ നിനക്ക് അഭയം നൽകാം.' ഹറാം അവരോടു സംസാരിക്കാൻ തുടങ്ങി, മൂസ ബിൻ ഉഖ്ബ നിവേദനം: ഹറാം അവർക്കു മുന്നിൽ നബി(സ)തിരുമേനിയുടെ കത്ത് വായിച്ചു കേൾപ്പിക്കാൻ തുടങ്ങി. ചരിത്ര ഗ്രന്ഥമായ ത്വബ്‌രിയിൽ പറയുന്നു. ഹറാം അവരെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: 'അല്ലയോ ബിഅ്ർ മഊനഃക്കാരേ! ഞാൻ നിങ്ങളുടെ അടുക്കൽ അല്ലാഹുവിന്റെ റസൂലിന്റെ ദൂതനായിട്ടാണ് വന്നിട്ടുള്ളത്. അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ്(സ)അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. നിങ്ങൾ അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുവിൻ.' ഹറാം തന്റെ അനുഗൃഹീത ഭാഷണം തുടരുന്നതിനിടയിൽ അവിടെ ഉണ്ടായിരുന്നവർ തങ്ങളുടെ ദുഷ്ടസ്വഭാവം വെളിപ്പെടുത്തി. അവർ തങ്ങളിൽ ഒരാളോടു ആംഗ്യം കാണിച്ചതും അയാൾ ഉടനെ തന്നെ ഹറാമിന്റെ പിന്നിലൂടെ എത്തി അദ്ദേഹത്തെ കുന്തംകൊണ്ട് കുത്തുകയും ചെയ്തു. അത് അദ്ദേഹത്തിന്റെ ശരീരം തുളച്ചു പുറത്തെത്തിയിരുന്നു. മറ്റൊരു നിവേദനത്തിൽ പറയുന്നു; ഹറാം കത്തുമായി ആമിർ ബിൻ ത്വുഫയ്ലിന്റെ അടുക്കലെത്തി. പക്ഷേ, അയാൾ കത്ത് നോക്കാൻ പോലും കൂട്ടാക്കിയില്ല. അദ്ദേഹത്തെ ആക്രമിച്ച് ശഹീദാക്കുകയും ചെയ്തു. *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 494-495. ദാറുസ്സലാം റിസർച്ച് സെന്റർ)*

ഏതായാലും ഹറാം തിരിച്ചു വരുന്നതിൽ കാലവിളംബം ഉണ്ടാകുന്നുവെന്ന് കണ്ടപ്പോൾ മുസ്‌ലിമീങ്ങൾ അദ്ദേഹത്തെ പിന്തുടർന്ന് അവിടേക്ക് വരികയുണ്ടായി. കുറച്ചു ദൂരെ അവർ ആക്രമിക്കാൻ വരുന്ന സംഘത്തെ കണ്ടുമുട്ടി. അവർ മുസ്‌ലിമീങ്ങളെ വളയുകയും ചെയ്തു. ശത്രുക്കൾ എണ്ണത്തിൽ ഒരുപാടുണ്ടായിരുണ്ടായിരുന്നു. യുദ്ധമുണ്ടാകുകയും നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ശഹീദാക്കപ്പെടുകയും ചെയ്തു. *(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 40, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)*

ഈ സരിയ്യത്തിൽ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ ശഹാദത്തിനെ കുറിച്ച് പറയുന്നു: "ഇദ്ദേഹം ഹദ്റത്ത് അബൂബക്ർ(റ) സ്വതന്ത്രനാക്കിയ അടിമയായിരുന്നു. നബി(സ)തിരുമേനിയോടും ഹദ്റത്ത് അബൂബക്റിനോടുമൊപ്പം മദീന ഹിജ്റത്തിൽ പങ്കെടുക്കാൻ കഴിഞ്ഞുവെന്ന ബഹുമതിയും അദ്ദേഹത്തിനുണ്ട്. ഇദ്ദേഹവും ബിഅ്ർ മഊനഃയിൽ ശഹീദാക്കപ്പെടുകയുണ്ടായി. ബിഅ്ർ മഊനഃയിൽ മറ്റുള്ളവരും ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരിയും വധിക്കപ്പെട്ടപ്പോൾ ആമിർ ബിൻ ത്വുഫയ്ൽ ഇദ്ദേഹത്തോടു അതാരാണെന്ന് ആരായുകയും ഒരു വധിക്കപ്പെട്ട ആളെ ചൂണ്ടിക്കാണിക്കുകയുമുണ്ടായി. അപ്പോൾ അംറ് ബിൻ ഉമയ്യ പറഞ്ഞു: ഇത് ആമിർ ബിൻ ഫുഹയ്റ ആകുന്നു. ആമിർ ബിൻ ത്വുഫയ്ൽ പറഞ്ഞു: ആമിർ ബിൻ ഫുഹയ്റ കൊല്ലപ്പെട്ടപ്പോൾ അദ്ദേഹം ആകാശത്തേക്ക് ഉയരുന്നതായി ഞാൻ കാണുകയുണ്ടായി. ആ സമയത്ത് ഇയാൾ മുസ്‌ലിമായിട്ടുണ്ടായിരുന്നില്ല. അന്നാണ് അയാൾ ഇത് കണ്ടത്. അദ്ദേഹം ഇപ്പോഴും ആകാശഭൂമികൾക്കിടയിൽ ഉള്ളതായി ഞാൻ കാണുന്നു. പിന്നെ അദ്ദേഹത്തെ ഭൂമിയിലേക്ക് ഇറക്കുകയുണ്ടായി. നബി(സ) തിരുമേനിക്ക് അദ്ദേഹത്തെ പറ്റി അറിവ് ലഭിച്ചപ്പോൾ അവിടന്ന് അദ്ദേഹം വധിക്കപ്പെട്ടത് സംബന്ധിച്ച് സ്വഹാബാക്കൾക്ക് അറിയിപ്പ് നൽകിക്കൊണ്ട് പറഞ്ഞു: "നിങ്ങളുടെ കൂട്ടുകാരൻ ശഹീദാക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല അദ്ദേഹം തന്റെ റബ്ബിനോടു ഇപ്രകാരം ദുആ ചെയ്തു: 'അല്ലയോ ഞങ്ങളുടെ നാഥാ! ഞങ്ങളെ സംബന്ധിച്ച് ഞങ്ങൾ നിന്നോടും നീ ഞങ്ങളോടും സന്തോഷത്തിലാണെന്ന് നീ ഞങ്ങളുടെ സുഹൃത്തുക്കൾക്ക് അറിയിപ്പു നൽകേണമേ.' അതേപ്പറ്റി അല്ലാഹു പറയുകയും ചെയ്തു. ഇത് സ്വഹീഹ് ബുഖാരിയിലുള്ള നിവേദനമാകുന്നു.

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയെ ആരാണ് വധിച്ചതെന്നതു സംബന്ധിച്ച് അഭിപ്രായ വ്യത്യാസമുണ്ട്. ചില നിവേദനങ്ങളിൽ അദ്ദേഹത്തെ ആമിർ ബിൻ ത്വുഫയ്ലാണ് വധിച്ചതെന്ന് പറയുന്നു. ജബ്ബാർ ബിൻ സലമ ശഹീദാക്കിയെന്നാണ് മറ്റൊരു നിവേദനത്തിൽ നിന്ന് മനസ്സിലാകുന്നത്. *(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി ബാബു ഗസ്‌വത്തുർറജീഅ്........ഹദീഥ് 4093)(അൽഇസ്തീആബ്, വാള്യം 2, പേജ് 796, ദാറുൽജീൽ ബെയ്റുത്ത് 1992)(അൽഇസ്തീആബ്, വാള്യം 1, പേജ് 229, ദാറുൽജീൽ ബെയ്റുത്ത് 1992)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ ശഹാദത്ത് സംഭവം വിവരിച്ചുകൊണ്ടെഴുതുന്നു: "ഇസ്‌ലാം വാളിന്റെ ബലത്താലല്ല വിജയം വരിച്ചത്. ഇസ്‌ലാം മനസ്സുകളിലേക്ക് ഇറങ്ങുന്ന അധ്യാപനങ്ങൾ മുഖേനയാണ് വിജയം വരിച്ചത്. അത് സ്വഭാവങ്ങളിൽ ഉന്നത തലത്തിലുള്ള മാറ്റം ഉണ്ടാക്കുന്ന വയാണ്."

ഒരു സ്വഹാബി പറയുന്നു: "ഞാൻ മുസ്‌ലിമായതിനുള്ള ഏക കാരണമെന്തെന്നാൽ ചതിയിലൂടെ മുസ്‌ലിമീങ്ങളുടെ 70 ഖാരിമാരെ ശഹീദാക്കിയ സമൂഹത്തിൽ ഞാൻ അതിഥിയായി താമസിക്കുകയായിരുന്നു. അവർ മുസ്‌ലിമീങ്ങളെ ശഹീദാക്കുമ്പോൾ കുറച്ചുപേർ ഉയർന്ന കുന്നിലേക്ക് മുസ്‌ലിമീങ്ങളാകട്ടെ വളരെ കുറച്ചു പേരും. അവർ ആളും അർഥവും ഇല്ലാത്തവരുമായിരുന്നു. അതുകൊണ്ട് അവർ ഒന്നൊന്നായി എല്ലാ മുസ്‌ലിമീങ്ങളെയും ശഹീദാക്കുകയുണ്ടായി. അവസാനം ഒരു സ്വഹാബി മാത്രം ബാക്കിയായി. അദ്ദേഹം മദീന ഹിജ്റത്തിൽ നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരുന്ന ആളും ഹദ്റത്ത് അബൂബക്ർ(റ)ന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമയുമായിരുന്നു. അദ്ദേഹത്തിന്റെ പേര് ആമിർ ബിൻ ഫുഹയ്റ എന്നാകുന്നു. ഒരുപാടാളുകൾച്ചേർന്ന് അദ്ദേഹത്തെ പിടികൂടി. ഏതോ ഒരാൾ വളരെ ശക്തിയായി അദ്ദേഹത്തിന്റെ നെഞ്ചിൽ കുന്തം കൊണ്ടു കുത്തി. കുന്തം തറച്ചതും അദ്ദേഹത്തിന്റെ നാവിൽ നിന്ന് അനിയന്ത്രിതമായി **ഫുസ്തു വ റബ്ബിൽ കഅ്ബ** (കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു)എന്ന വാക്കുകൾ വരികയുണ്ടായി. ഗ്രന്ഥകാരൻ തുടരുന്നു: നിവേദകൻ മുസ്‌ലിമായിരുന്നില്ല, അദ്ദേഹം പറയുന്നു: ഞാൻ അദ്ദേഹത്തിന്റെ നാവിൽനിന്ന് ഈ വാചകം കേട്ടപ്പോൾ ആശ്ചര്യപ്പെട്ടുപോയി! കാരണം ഇയാൾ തന്റെ കുടുംബക്കാരിൽനിന്നും ഭാര്യാമക്കളിൽനിന്നും ദൂരെ, ഇത്രയും വലിയൊരു ആപത്തിൽ അകപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ നെഞ്ചിൽ കുന്തം തറച്ചിരിക്കുന്നു. പക്ഷേ, അദ്ദേഹം മരണവേളയിൽ എന്തെങ്കിലും പറഞ്ഞുവെങ്കിൽ അത് കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു എന്നു മാത്രമായിരുന്നു. അയാൾ ഭ്രാന്തനാണോ? അങ്ങനെ ഞാൻ പലരോടും അതേപ്പറ്റി അദ്ദേഹം എന്തുകൊണ്ട് അങ്ങനെ പറഞ്ഞുവെന്ന് അന്വേഷിക്കുകയുണ്ടായി. അവർ പറഞ്ഞു: 'നിങ്ങൾക്കറിയില്ല, ഈ മുസ്‌ലിമീങ്ങൾ വാസ്തവത്തിൽ ഭ്രാന്തന്മാർ തന്നെയാണ്. ഇവർ അല്ലാഹുവിന്റെ മാർഗത്തിൽ മരിക്കുമ്പോൾ അല്ലാഹു അവരിൽ തൃപ്തനായെന്നും വിജയം വരിച്ചുവെന്നും മനസ്സിലാക്കുന്നു. അദ്ദേഹം പറയുന്നു: ഞാൻ

അവരുടെ കേന്ദ്രത്തിൽപോയി അവരെ പറ്റി അറിയുമെന്നും പഠിക്കുമെന്നും തീരുമാനിച്ചു. അങ്ങനെ ഞാൻ മദീനയിലെത്തി. അധ്യാപനങ്ങൾ മനസ്സിലാക്കി മുസ്‌ലിമാകുകയും ചെയ്തു. സ്വഹാബത്ത് പറയുന്നു: നെഞ്ചിൽ കുന്തം കൊണ്ട് ആക്രമിക്കപ്പെട്ട വ്യക്തി തന്റെ നാട്ടിൽനിന്ന് ബഹുകാതം അകലെയാണ്, ബന്ധുമിത്രാദികളാരും തന്നെ അരികിലില്ല, അപ്പോഴും അദ്ദേഹത്തിന്റെ നാവിൽ നിന്ന് **ഫുസ്തു വ റബ്ബിൽ കഅ്ബ** (കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു)എന്ന വാക്കുകളാണ് പുറത്തുവന്നത്. ഇത് അദ്ദേഹത്തെ എത്രമാത്രം സ്വാധീനിച്ചുവെന്നാൽ അദ്ദേഹം ഈ സംഭവം കേൾപ്പിക്കുമ്പോൾ **ഫുസ്തു വ റബ്ബിൽ കഅ്ബ** (കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്ന വാചകമെത്തുമ്പോൾ പ്രസ്തുത സംഭവത്തിന്റെ ഭയാനകത നിമിത്തം അദ്ദേഹത്തിന്റെ ശരീരം വിറകൊള്ളുകയും കണ്ണിൽ നിന്ന് അശ്രുക്കൾ പൊഴിയുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ]പറയുന്നു: ഇസ്‌ലാം അതിന്റെ മേന്മകൾ മുഖേനയാണ് പരന്നത്, അല്ലാതെ, ബലപ്രയോഗത്താലല്ല.*(സയ്റെ റൂഹാനീ അൻവാറുൽ ഉലൂം വാള്യം 22, പേജ് 250-251)*

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ ശഹാദത്തുവേളയിൽ അദ്ദേഹം **ഫുസ്തു വ റബ്ബിൽ കഅ്ബ, ഫുസ്തു വല്ലാഹി** തുടങ്ങിയ വാചകങ്ങൾ പറഞ്ഞതായി കാണുന്നു, രണ്ടു നിവേദനങ്ങളുമുണ്ട്. ഈ വാചകങ്ങൾ മറ്റു സ്വഹാബാക്കളും പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] പറയുന്നു:

ചരിത്രം വായിക്കുമ്പോൾ, ശഹീദാകുന്നത് തങ്ങൾക്ക് യഥാർഥ സമാധാനത്തിനും സന്തോഷത്തിനും നിദാനമാണെന്ന നിലയ്ക്കാണ് സ്വഹാബാക്കൾ യുദ്ധത്തിന് പോയിരുന്നതെന്ന് മനസ്സിലാകുന്നു. യുദ്ധത്തിൽ അവർക്കവിടെ വല്ല വിഷമവും നേരിട്ടാൽ അത് ഒരു വിഷമമായി അവർ ഗണിച്ചിരുന്നില്ല. മറിച്ച് സുഖമായിട്ടാണ് കരുതിയത്. അല്ലാഹുവിന്റെ മാർഗത്തിൽ വധിക്കപ്പെടുന്നതിനെ തങ്ങളുടെ യഥാർഥ സന്തോഷമായി സ്വഹാബാക്കൾ മനസ്സിലാക്കിയിരുന്നു എന്നതിന് നിരവധി സംഭവങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നുണ്ട്.

ഉദാഹരണമായി, നബി[സ]തിരുമേനി മധ്യഅറേബ്യയിലെ ഒരു ഗോത്രത്തിലേക്ക് തബ്‌ലീഗിനുവേണ്ടി ആളുകളെ അയച്ചിരുന്നു. അവരിൽ ഹറാം ബിൻ മിൽഹാൻ ഇസ്‌ലാമിക സന്ദേശവുമായി ആമിർ ഗോത്രത്തലവനായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുക്കലെത്തി. മറ്റു സ്വഹാബാക്കൾ പിന്നിലുണ്ടായിരുന്നു. തുടക്കത്തിൽ ആമിർ ബിൻ ത്വുഫയ്‌ലും കൂട്ടുകാരും കാപട്യത്തോടുകൂടി അദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹം സമാധാന പൂർവം ഇരുന്ന് തബ്‌ലീഗ് ചെയ്തു തുടങ്ങിയപ്പോൾ അവരിൽ ചില അക്രമികൾ ഒരു ദുഷ്ടന് സൂചന നൽകുകയുണ്ടായി, അയാൾ സൂചന കിട്ടിയതും ഹറാം ബിൻ മിൽഹാനെ പിന്നിൽനിന്ന് കുന്തംകൊണ്ട് ആക്രമിക്കുകയുണ്ടായി, അങ്ങനെ അദ്ദേഹം നിലത്തു വീണു. വീഴുമ്പോൾ അദ്ദേഹത്തിന്റെ നാവിൽനിന്ന് അനിയന്ത്രിതമായി **ഫുസ്തു വ റബ്ബിൽ കഅ്ബ** (കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്ന വാക്കുകൾ വരികയുണ്ടായി. പിന്നെ ദുഷ്ടന്മാർ ബാക്കിയുള്ള സ്വഹാബാക്കളെ വളയുകയും അവരെ ആക്രമിക്കുകയുമുണ്ടായി. ഹിജ്റത്ത് വേളയിൽ നബി[സ]തിരുമേനിയുടെ കൂടെ ഉണ്ടായിരുന്ന ഹദ്റത്ത് അബൂബക്ർ[റ] സ്വതന്ത്രനാക്കിയ അടിമയായ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയെ ഈ സന്ദർഭത്തിൽ വധിച്ച ഘാതകൻ പിന്നീട് മുസ്‌ലിമാകുകയുണ്ടായി. അദ്ദേഹം താൻ മുസ്‌ലിമാകാനുള്ള കാരണം വിവരിച്ചു കൊണ്ട് പറയുന്നു: ആമിർ ബിൻ ഫുഹയ്റയെ ശഹീദാക്കിയപ്പോൾ അദ്ദേഹത്തിന്റെ നാവിൽനിന്നും അനിയന്ത്രിതമായി **ഫുസ്തു വല്ലാഹി** (അല്ലാഹുവാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്ന വാക്കുകളാണ് പുറത്തുവന്നത്. ഈ സംഭവങ്ങളിൽനിന്ന് സ്വഹാബാക്കൾ മരണത്തെ പ്രയാസമെന്ന നിലയ്ക്കല്ല മറിച്ച് സന്തോഷത്തിന് കാരണമായിട്ടാണ് മനസ്സിലാക്കിയിരുന്നതെന്ന കാര്യം വ്യക്തമാകുന്നുണ്ട്." *(ഏക് ആയത്ത് കി പുർമആരിഫ് തഫ്സീർ, അൻവാറുൽ ഉലൂം വാള്യം 18, പേജ് 612-613)*

ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയെ ശഹീദാക്കിയ ജബ്ബാർ ബിൻ സൽമാ പിന്നീട് മുസ്‌ലിമായി. അദ്ദേഹം പറയുന്നു: എന്നെ ഇസ്‌ലാമിലേക്ക് ആകർഷിച്ച കാര്യമെന്തെന്നാൽ, ബിഅ്ർ മഊനഃയുടെ ദിവസം ഞാൻ തഞ്ചത്തിൽ ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റയുടെ രണ്ടു തോളുകൾക്കുമിടയിൽ കുന്തംകൊണ്ട് കുത്തുകയും കുന്തമുന അദ്ദേഹത്തിന്റെ നെഞ്ചിലൂടെ പുറത്തു വരികയും ചെയ്തു. അതു കഴിഞ്ഞ ഉടൻതന്നെ അദ്ദേഹം ഇങ്ങനെ പറയുന്നത് ഞാൻ കേട്ടു. ഫുസ്ത്തു വല്ലാഹി. അല്ലാഹുവാണെ സത്യം! ഞാൻ വിജയിച്ചിരിക്കുന്നു. ഈ വാക്കുകൾ എന്റെ കാതിലൂടെ കടന്ന് എന്റെ ഹൃദയത്തിലിറങ്ങി. ഈ വാക്കുകളുടെ പൊരുളെന്താണെന്നും ഇദ്ദേഹത്തിനെന്ത് വിജയമാണ് കിട്ടിയതെന്നുമുള്ള ചിന്തയിൽ ഞാൻ മുഴുകി. ഞാൻ അദ്ദേഹത്തെ വധിച്ചിരിക്കുന്നു.

ഞാൻ ഈ അസ്വസ്ഥതയിൽ, മുസ്‌ലിമായ ളഹ്ഹാക് ബിൻ സുഫിയാൻ കിലാബിയുടെ അടുക്കലെത്തി അദ്ദേഹത്തോടു എല്ലാ സംഭവങ്ങളും കേൾപ്പിച്ചശേഷം ആ വാക്കുകളുടെ പൊരുളെന്താണെന്ന് അന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: 'വിജയം വരിച്ചു എന്നതിന്റെ വിവക്ഷിതം സ്വർഗം ലഭിക്കുക എന്നതാണ്.' അതുകേട്ടപ്പോൾ ഞാൻ പറഞ്ഞു: 'അല്ലാഹുവാണെ സത്യം, തീർച്ചയായും അദ്ദേഹം വിജയിച്ചിരിക്കുന്നു. അതോടൊപ്പം അദ്ദേഹം എന്നെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയും ഞാൻ ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. *(ഉസുദുൽഗാബ, വാള്യം 1, പേജ് 504-505, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്) (സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 502-503, ദാറുസ്സലാം റിസർച്ച് സെന്റർ)*

ഈ സരിയ്യ ബിഅ്ർ മഊനഃയെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്[റ] എഴുതുന്നു: ഒരു കിണർ കാരണം ബിഅ്ർ മഊനഃ എന്ന് അറിയപ്പെടുന്ന സ്ഥലത്ത് അവരെത്തി. അവരിൽ അനസ് ബിൻ മാലിക്കിന്റെ മാതുലൻ ഹറാം ബിൻ മിൽഹാനും ഉണ്ടായിരുന്നു. ഇദ്ദേഹം നബി[സ]തിരുമേനിയിൽ നിന്നുള്ള ഇസ്‌ലാമിക സന്ദേശവുമായി ആമിർ ഗോത്രത്തലവനും അബൂ ബറാഅ് ആമിരിയുടെ സഹോദര പുത്രനുമായ ആമിർ ബിൻ ത്വുഫയ്‌ലിന്റെ അടുക്കലെത്തി. മറ്റു സ്വഹാബാക്കൾ പിന്നിലായിരുന്നു. ഹറാം ബിൻ മിൽഹാൻ നബി[സ]തിരുമേനിയുടെ ദൂതനെന്ന നിലയ്ക്ക് ആമിർ ബിൻ ത്വുഫയ്‌ലിന്റെയും സുഹൃത്തുക്കളുടെയും അടുക്കലെത്തിയപ്പോൾ അവർ കാപട്യത്തോടുകൂടി ആദ്യം അവരെ സ്വാഗതം ചെയ്തു. അങ്ങനെ അദ്ദേഹം അതായത് ഹറാം ബിൻ മിൽഹാൻ സമാധാനത്തോടു കൂടി ഇരിക്കുകയും ഇസ്‌ലാമിനെ പറ്റി തബ്‌ലീഗ് തുടങ്ങുകയും ചെയ്തപ്പോൾ ആ ദ്രോഹികൾ ഒരാൾക്ക് സൂചന നൽകുകയും അയാൾ നബി[സ]തിരുമേനിയുടെ നിർദ്ദോഷിയായ ദൂതനെ പിന്നിൽനിന്ന് കുന്തം കൊണ്ട് കുത്തി അവിടെ തന്നെ വീഴ്ത്തുകയും ചെയ്തു. ആ സമയത്ത് ഹറാം ബിൻ മിൽഹാന്റെ നാവിൽനിന്ന് **അല്ലാഹു അക്ബർ, ഫുസ്തു വ റബ്ബിൽ കഅ്ബ** (അല്ലാഹുവാണ് വലിയവൻ, കഅ്ബയുടെ നാഥനാണെ സത്യം, ഞാൻ വിജയിച്ചിരിക്കുന്നു) എന്നീ വാചകങ്ങളാണ് പുറത്തുവന്നത്. ആമിർ ബിൻ

## • ഹദീഥുന്നബ്‌വി[സ]: •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'**

*(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)*

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 64)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

തുഫയ്ൽ നബി(സ)തിരുമേനിയുടെ ദൂതനെ വധിച്ചതിൽ മാത്രം തൃപ്തിപ്പെട്ടില്ല. മറിച്ച് മുസ്‌ലിമീങ്ങളുടെ ബാക്കിയുള്ള സംഘത്തേയും ആക്രമിക്കാൻ തന്റെ ഗോത്രമായ ബനൂ ആമിറിന്റെ ആളുകളെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. പക്ഷേ, അവർ അതിന് വിസമ്മതിച്ചുകൊണ്ട് പറഞ്ഞു: 'ഞങ്ങൾക്ക് അബൂ ബറാഅ്ന്റെ ഉത്തരവാദിത്വമുള്ളതുകൊണ്ട് മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ സാധ്യമല്ല.' അപ്പോൾ ആമിർ, സുലയിം ഗോത്രത്തിൽ നിന്നുള്ള ബനൂ രിഅ്ൽ, ദക്‌വാൻ, ഉസ്വയ്യ തുടങ്ങിയവരെ (ബുഖാരിയുടെ നിവേദനമനുസരിച്ച് ഇവരാണ് നബി(സ)തിരുമേനിയുടെ അടുക്കൽ സംഘമായി വന്നത്) തന്റെ കൂടെ ചേർത്തു. അവരെല്ലാവരും ചേർന്ന് മുസ്‌ലിമീങ്ങളുടെ നിസ്സഹായരായ ഈ ചെറിയ സംഘത്തെ ആക്രമിച്ചു. മുസ്‌ലിമീങ്ങൾ ഈ മൃഗസമാനരായ ആളുകളെ കണ്ടപ്പോൾ അവരോടു പറഞ്ഞു: 'ഞങ്ങൾക്ക് നിങ്ങളോടു ഒരു വഴക്കുമില്ല. ഞങ്ങൾ നബി(സ)തിരുമേനിയുടെ ഒരു ദൗത്യവുമായിട്ടാണ് വന്നിട്ടുള്ളത്. ഞങ്ങൾ നിങ്ങളോടു ഏറ്റുമുട്ടാനല്ല വന്നിട്ടുള്ളത്." പക്ഷേ, അവർ അതൊന്നും കേൾക്കാൻ കൂട്ടാക്കിയില്ല, എല്ലാവരേയും മരണക്കയത്തിലേക്ക് തള്ളിയിട്ടു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ), പേജ് 518 –519)* അക്രമികളുടെ എല്ലാ കാലത്തേയും നിലപാട് ഇതു തന്നെയായിരുന്നു.

ബിഅ്ർ മഊനഃയിലെ ശുഹദാഇനെ സംബന്ധിച്ച് എഴുതിയിരിക്കുന്നു: യുദ്ധത്തിൽ ഭാഗഭാക്കായവരെല്ലാം പറയുന്നത് ഈ സരിയ്യത്തിൽ ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരി, കഅ്ബ് ബിൻ സയ്ദ് എന്നിവരൊഴികെ മറ്റെല്ലാ സ്വഹാബാക്കളും ശഹീദാക്കപ്പെടുകയുണ്ടായെന്നാണ്. ഹദ്റത്ത് കഅ്ബ് ബിൻ സയ്ദിന്, ബിഅ്ർ മഊനഃയുടെ ദിവസം പരിക്കേൽക്കുകയുണ്ടായി. പിന്നീട് ഖന്തഖ്(യുദ്ധ)ദിവസമാണ് അദ്ദേഹം മരണപ്പെട്ടത്. ഹദ്റത്ത് അംറ് ബിൻ ഉമയ്യ, മുആവിയായുടെ ഭരണകാലത്താണ് മരണപ്പെട്ടത്. ഈ സരിയ്യത്തിൽ പങ്കെടുത്ത എല്ലാ സ്വഹാബാക്കളുടെയും പേരുകൾ നബി ചരിത്രങ്ങളിലോ ഇതര ചരിത്രങ്ങളിലോ രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും ശഹീദാക്കപ്പെട്ട 29 പേരിനടുത്ത സ്വഹാബത്തിന്റെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രസിദ്ധീകരിക്കുമ്പോൾ അവരുടെ പേരും ചേർക്കുന്നതാണ്. 29 പേരുടെ നീണ്ട പട്ടികയാണ്. ആ പേരുകൾ താഴെ പറയുന്നവയാണ്:

1. ഹദ്റത്ത് ആമിർ ബിൻ ഫുഹയ്റ(റ), 2. ഹദ്റത്ത് ഹക്കം ബിൻ കയ്സാൻ(റ), 3. ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദ്(റ), 4. ഹദ്റത്ത് അബൂ ഉബയ്ദി ബിൻ അംറ്(റ), 5. ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മ(റ), 6. ഹദ്റത്ത് ഉബയ് ബിൻ മുആദ്(റ), 7.ഹദ്റത്ത് അനസ് ബിൻ മുആദ്(റ), 8. ഹദ്റത്ത് അബൂ ശെയ്ഖ് ബിൻ അബീ ഥാബിത്ത്(റ), 9. ഹദ്റത്ത് ഹറാം ബിൻ മിൽഹാൻ(റ), 10. ഹദ്റത്ത് സുലയിം ബിൻ മിൽഹാൻ(റ), 11. ഹദ്റത്ത് സുഫിയാൻ ബിൻ ഥാബിത്ത്(റ), 12. ഹദ്റത്ത് മാലിക് ബിൻ ഥാബിത്ത്(റ), 13. ഹദ്റത്ത് ഉർവ ബിൻ അസ്മാഅ് ബിൻ സ്വൽത്ത്(റ), 14. ഹദ്റത്ത് ഖുത്ബ ബിൻ അബ്ദ് അംറ്(റ), 15. ഹദ്റത്ത് മുൻദിർ ബിൻ അംറ്(റ), 16. ഹദ്റത്ത് മുആദ് ബിൻ മായിസ്(റ), 17. ഹദ്റത്ത് ആയിദ് ബിൻ മായിസ്, 18. ഹദ്റത്ത് മസ്ഊദ് ബിൻ സഅ്ദ്(റ), 19. ഹദ്റത്ത് ഖാലിദ് ബിൻ ഥാബിത്ത്(റ), 20. ഹദ്റത്ത് സുഫിയാൻ ബിൻ ഹാത്വിബ്(റ), 21. ഹദ്റത്ത് സഅ്ദ് ബിൻ അംറ്(റ), 22. ഹദ്റത്ത് ത്വുഫയ്ൽ ബിൻ സഅ്ദ്(റ), 23. ഹദ്റത്ത് സഹ്ൽ ബിൻ ആമിർ(റ), 24. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഖയ്സ്(റ), 25. ഹദ്റത്ത് നാഫിഅ് ബിൻ ബുദയ്ൽ ബിൻ വറഖാഅ്(റ), 26. ഹദ്റത്ത് ളഹ്ഹാക് ബിൻ അബ്ദു അംറ്(റ), ഇദ്ദേഹം ഹദ്റത്ത് ഖുത്ബ(റ)യുടെ സഹോദരനായിരുന്നു. 27. ഹദ്റത്ത് ഉമയ്ർ ബിൻ മഅ്ബദ്(റ), അല്ലാമ ഇബ്നു ഇസ്ഹാഖ് ഇദ്ദേഹത്തിന്റെ പേര് അംറ് എന്നു പറഞ്ഞിരിക്കുന്നു. 28. ഹദ്റത്ത് ഖാലിദ് ബിൻ കഅ്ബ്(റ), 29. ഹദ്റത്ത് സുഹയ്ൽ ബിൻ ആമിർ(റ).*(സുബുലുൽ ഹുദാ വർറശാദ് വാള്യം 6, പേജ് 61–63, ദാറുൽകുതുബുൽ ഇൽമിയ്യ)(ഉസുദുൽഗാബ വാള്യം 4, പേജ് 182, ദാറുൽകുതുബുൽ ഇൽമിയ്യ)*

ഏതായാലും ജീവനോടെ രക്ഷപ്പെട്ട സ്വഹാബാക്കളെ സംബന്ധിച്ച് പറയുന്നു: "ഈ സരിയ്യത്തിൽ പങ്കെടുത്ത രണ്ടു സ്വഹാബാക്കൾ ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരിയും ഹദ്റത്ത് മുൻദിർ ബിൻ മുഹമ്മദും –ചില നബിചരിത്രകാരന്മാർ മുൻദിർ എന്നതിനു പകരം ഹാരിഥ് ബിൻ സ്വിമ്മ എന്നെഴുതിയിട്ടുണ്ട്– ആ സമയത്ത് ഒട്ടകങ്ങളെയും മറ്റും മേയ്ക്കാൻ വേണ്ടി തങ്ങളുടെ സംഘത്തിൽ നിന്ന് മാറിപ്പോയിരുന്നു. അവർ ദൂരെനിന്ന് നോക്കുമ്പോൾ പക്ഷികൾ കൂട്ടത്തോടെ തങ്ങളുടെ താവളത്തിനുമീതെ വട്ടമിട്ടു പറക്കുന്നതാണ് കണ്ടത്. അവർ മരുഭൂമിയിലെ പ്രസ്തുത സൂചന നല്ലപോലെ അറിയുന്നവരായിരുന്നു. യുദ്ധമുണ്ടായെന്ന് അവർക്ക് അപ്പോൾത്തന്നെ ബോധ്യമായി. തിരിച്ചെത്തിയപ്പോൾ അക്രമകാരികളായ സത്യനിഷേധികളുടെ രക്തരൂക്ഷിത നടപടി അവരുടെ കൺമുന്നിലുണ്ടായിരുന്നു. ദൂരത്തു നിന്നുതന്നെ ഈ ദൃശ്യം കണ്ടപ്പോൾ ഇനി ഉടനെ തങ്ങൾ എന്തു ചെയ്യണമെന്ന് അവർ പരസ്പരം കൂടിയാലോചിച്ചു. ഒരാൾ പറഞ്ഞു, നമ്മൾ ഉടൻതന്നെ ഇവിടെനിന്ന് ഓടിപ്പോയി മദീനയിലെത്തി നബി(സ)തിരുമേനിക്ക് വിവരം നൽകണം. പക്ഷേ, കൂടെയുള്ള ആൾ ഈ അഭിപ്രായത്തോടു യോജിച്ചില്ല. അദ്ദേഹം പറഞ്ഞു: 'ഞാൻ നമ്മുടെ അമീർ മുൻദിർ ബിൻ അംറ് ശഹീദാക്കപ്പെട്ട ഇവിടെ നിന്ന് ഓടിപ്പോകുന്നതല്ല.' തുടർന്ന് അദ്ദേഹം മുന്നോട്ടുപോയി യുദ്ധം ചെയ്യുകയും അങ്ങനെ ശഹീദാകുകയും ചെയ്തു. ഇത് സീറത്ത് ഖാത്തമുന്നബിയ്യീനിലുള്ള ഉദ്ധരണിയാകുന്നു. *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ്(റ)എം.എ, പേജ് 519) (സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 499, ദാറുസ്സലാം റിസർച്ച് സെന്റർ)*

ഹദ്റത്ത് അംറ് ബിൻ ഉമയ്യ ളംരിയെക്കൂടാതെ ഒരാൾ കൂടി ജീവനോടെ രക്ഷപ്പെടുകയുണ്ടായി. അദ്ദേഹത്തിന് മുടന്തുണ്ടായിരുന്നു. ഈ സ്വഹാബിയുടെ പേര് കഅ്ബ് ബിൻ സയ്ദ് എന്നായിരുന്നു. ചില നിവേദനങ്ങളിൽ പറയുന്നു: സത്യനിഷേധികൾ അദ്ദേഹത്തെയും ആക്രമിച്ചിരുന്നു. ഇദ്ദേഹം ഹദ്റത്ത് ഹറാം ബിൻ മിൽഹാന്റെ കൂടെയായിരുന്നു. അങ്ങനെ അദ്ദേഹത്തിന് സാരമായി പരിക്കുപറ്റുകയും ചെയ്തു, സത്യനിഷേധികൾ അദ്ദേഹം മരിച്ചുവെന്ന് കരുതി അദ്ദേഹത്തെ ഉപേക്ഷിക്കുകയാണുണ്ടായത്. വാസ്തവത്തിൽ കാര്യമായി പരിക്കേറ്റെങ്കിലും അദ്ദേഹത്തിന് ജീവനുണ്ടായിരുന്നു. അദ്ദേഹത്തെ ശുഹദാഇന്റെ മൃതശരീരങ്ങൾക്കിടയിൽനിന്നെടുത്ത് മാറ്റി. പിന്നീട് അദ്ദേഹം ഖന്തഖ് യുദ്ധത്തിൽ ശഹീദാകുകയുണ്ടായി." *(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 499. ദാറുസ്സലാം റിസർച്ച് സെന്റർ)*

ഹദ്റത്ത് അംറ് ബിൻ ഉമയ്യായുടെ അറസ്റ്റിനെ സംബന്ധിച്ച് എഴുതുന്നു: ഹദ്റത്ത് അംറ് ബിൻ ഉമയ്യ(റ) തടവിലാക്കപ്പെട്ടു. ശത്രുക്കൾ ചോദിച്ചപ്പോൾ താൻ അംറാണെന്നും ബനൂമുളർ ഗോത്രക്കാരനാണെന്നും അദ്ദേഹം പറഞ്ഞു. അപ്പോൾ ആമിർ ബിൻ ത്വുഫയ്ൽ അദ്ദേഹത്തെ പിടികൂടുകയും അദ്ദേഹത്തിന്റെ നെറ്റിയിലെ മുടി വെട്ടിമാറ്റുകയും തന്റെ മാതാവിന്റെ വകയായി അദ്ദേഹത്തെ മോചിപ്പിക്കുകയും ചെയ്തു. അവർ ഒരു അടിമയെ മോചിപ്പിക്കാമെന്ന് നേരത്തെ നേർച്ച നേർന്നിരുന്നു. അറബികൾ ആരെയെങ്കിലും തടവുകാരനാക്കുകയും പിന്നീട് മോചിപ്പിക്കാനും അയാളോടു ഔദാര്യം കാണിക്കാനും തീരുമാനിക്കുകയും ചെയ്താൽ അയാളുടെ നെറ്റിയിലെ മുടി മുറിക്കുമായിരുന്നു. അതി

**• കലാമുൽ ഇമാം •**

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല.**
**അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."**

*(മൽഫൂദാത്ത് വാള്യം 1, പേജ് 220)*

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)**
**നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത്**
**അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

ത്വാലിബെ ദുആ:
K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH, VANIYAMBALAM, KERALA

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

നുശേഷം അംറ് ബിൻ ഉമയ്യ അവിടെനിന്ന് പുറപ്പെടുകയും ഒരു മരത്തണലിലെത്തി ഇരിക്കുകയും ചെയ്തു. ആ സമയത്ത് വേറെ രണ്ടുപേർ അവിടെയെത്തി ഹദ്റത്ത് അംറിന്റെ അടുക്കലിരുന്നു. അംറ് അവരോടു കാര്യങ്ങൾ തിരക്കിയപ്പോൾ അവർ തങ്ങൾ ബനൂആമിർ ഗോത്രത്തിൽപ്പെട്ടവരാണെന്ന് പറഞ്ഞു. മറ്റൊരു നിവേദനത്തിൽ തങ്ങൾ ബനൂസുലയ്മിൽ പെട്ടവരാണെന്ന് അവർ പറഞ്ഞുവെന്നും കാണുന്നുണ്ട്. ഇവർ രണ്ടുപേരുമായും നബി(സ)തിരുമേനിയുടെ ഉടമ്പടി ഉണ്ടായിരുന്നു. രണ്ടുപേർക്കും സംരക്ഷണം നൽകുകയും ചെയ്തിരുന്നു. പക്ഷേ, അംറ് ബിൻ ഉമയ്യക്ക് ഈ ഉടമ്പടിയെ പറ്റി അറിയില്ലായിരുന്നു. അംറ് അവരിരുവരും ഉറങ്ങാൻ കാത്തിരിക്കുകയായിരുന്നു. അങ്ങനെ അവർ ഉറങ്ങിയപ്പോൾ അംറ് അവരെ രണ്ടു പേരെയും വധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മനസ്സിൽ അവർ മുഖേന ബനൂആമിറിനോട് സ്വഹാബാക്കളുടെ വധത്തിനു പകരം ചോദിക്കാൻ കഴിഞ്ഞുവെന്നു മാത്രമാണുണ്ടായിരുന്നത്. അതിനുശേഷം അംറ് നബി(സ)തിരുമേനിയുടെ അടുക്കലെത്തി എല്ലാ കാര്യങ്ങളും അറിയിച്ചു കൊടുക്കുകയും ആ രണ്ടുപേരെ വധിച്ചതിനെ പറ്റി പറയുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ വധിച്ച ഈ രണ്ടുപേർക്കും നമ്മൾ രക്തപരിഹാരധനം നൽകേണ്ടി വരും.' അങ്ങനെ നബി(സ)തിരുമേനി അവർ രണ്ടുപേർക്കുമുള്ള രക്തപരിഹാരധനം നൽകുകയും ചെയ്തു. തുടർന്ന് നബി(സ) തിരുമേനി സ്വഹാബാക്കളുടെ വധത്തെപ്പറ്റി പറഞ്ഞു: ഇത് അബൂ ബറാഇന്റെ പണിയാണ്. ഞാൻ അതുകൊണ്ടുതന്നെ സ്വഹാബാക്കളെ അയാളോടൊപ്പം വിടാൻ ആഗ്രഹിച്ചിരുന്നില്ല. ഈ ഗോത്രങ്ങൾ സ്വഹാബാക്കൾക്ക് വല്ല ദോഷവും വരുത്തുമോ എന്ന് എനിക്ക് ആശങ്കയുമുണ്ടായിരുന്നു.

തന്റെ സഹോദര പുത്രനായ ആമിർ ബിൻ ത്വുഫയ്ൽ തന്റെ സംരക്ഷണ വാഗ്ദാനം ലംഘിച്ചുവെന്ന് അറിഞ്ഞപ്പോൾ ബറാഇന് വലിയ ദുഃഖമുണ്ടായി. നബി(സ) തിരുമേനിയുടെ സ്വഹാബാക്കൾക്ക് അയാൾ മുഖേനയുണ്ടായ പര്യവസാനത്തിലും അയാൾ ഖിന്നനായിരുന്നു. തുടർന്ന് ബറാഇന്റെ മകൻ റബീഅ തന്റെ പിതൃവ്യ പുത്രനായ ആമിർ ബിൻ ത്വുഫയ്ലിനെ ആക്രമിക്കുകയുണ്ടായി. ആമിറിനെ റബീഅ കുന്തംകൊണ്ട് കുത്തി, അത് അയാളുടെ തുടയിലാണ് തറച്ചത്. ആമിർ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് പറഞ്ഞു: ഞാൻ മരണപ്പെട്ടാൽ എന്റെ രക്തത്തിന് ബറാഅ് വില നൽകേണ്ടിവരും. ഇനി ഞാൻ രക്ഷപ്പെടുകയാണെങ്കിൽ എന്റെ കാര്യം ഞാൻ തന്നെ നോക്കുന്നതായിരിക്കും. ഏതായാലും അംറ് ബിൻ ത്വുഫയ്ൽ ഈ ആക്രമണത്തിനുശേഷവും ജീവിച്ചിരുന്നു. അയാൾക്ക് നബി(സ)തിരുമേനിയുടെ ശാപപ്രാർഥന ഏൽക്കുകയും പ്ലേഗ് ബാധിക്കുകയും അങ്ങനെ സത്യനിഷേധത്തിന്റെ അവസ്ഥയിൽ തന്നെ മരണപ്പെടുകയും ചെയ്തു. *(സീറത്ത് ഹൽബിയ വാള്യം 3, പേജ് 242-243, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)(ദാഇറയെ മആരിഫ്, സീറത്ത് മുഹമ്മദു റസൂലുല്ലാഹി(സ), വാള്യം 7, പേജ് 164, ബസ്മ ഇഖ്ബാൽ ലാഹോർ) (അത്തഫ്സീറുൽകബീർ ലി ഇമാം റാസി, വാള്യം 9, ഭാഗം 18, പേജ് 12, ദാറുൽകുതുബുൽഇൽമിയ്യ 2004)*

അബൂബറാഉം ഇതിൽ പങ്കാളിയായിരുന്നു. അയാൾ വന്ന് ആദ്യമെതന്നെ അവരെ തടയേണ്ടിയിരുന്നു. അബൂബറാഅ് അതായത് ആമിർ ബിൻ മാലിക്കിന്റെ ബന്ധത്തെ സംബന്ധിച്ച് രണ്ടു തരത്തിലുള്ള അഭിപ്രായങ്ങളും കാണുന്നുണ്ട്. ചില ഉലമാ അദ്ദേഹത്തെ സ്വഹാബാക്കളിൽ ഉൾപ്പെടുത്തുന്നു. ഒരു നിവേദനത്തിൽ പറയുന്നു: അബൂബറാഅ്, ആമിർ ബിൻ മാലിക് ബനൂബക്ർ, ബനൂജഅ്ഫർ ഗോത്രങ്ങളിലെ 25 ആളുകളോടൊപ്പം നബി(സ) തിരുമേനിയുടെ സവിധത്തിലെത്തിയപ്പോൾ നബി(സ) തിരുമേനി ആമിർ ബിൻ മാലിക്കിനെയും ളഹ്ഹാക് ബിൻ സുഫിയാൻ കിലാബിയെയും ബനൂ ബക്റിലേയും ബനൂജഅ്ഫറിലെയും കൈകാര്യകർത്താക്കളായി നിയോഗിക്കുകയുണ്ടായി. ഇവർ പിന്നീട് മുസ്ലമീങ്ങളായി എന്നതിന് ഈ നിവേദനം തെളിവാകുന്നു. എന്നാൽ, മറ്റൊരു നിവേദനമനുസരിച്ച് അബൂബറാഅ് മുസ്ലിമായിട്ടില്ല. ഏതായാലും രണ്ടുതരത്തിലുള്ള നിവേദനങ്ങളുമുണ്ട്. *(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 3, പേജ് 485-486, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)*

ഇതു സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.(റ) പറയുന്നു:"നബി(സ)തിരുമേനിക്കും സ്വഹാബാക്കൾക്കും ഏകദേശം ഒരേ സമയത്താണ് റജീഅ്, ബിഅ്ർ മഊനഃ സംഭവങ്ങളെ കുറിച്ച് അറിയിപ്പു ലഭിക്കുന്നത്. നബി(സ) തിരുമേനിക്ക് അതേപ്പറ്റി വളരെയധികം വിഷമമുണ്ടായി. എത്രത്തോളമെന്നാൽ നിവേദകൻ പറയുന്നു, അതിനു മുമ്പേയോ പിമ്പേയോ നബി(സ)തിരുമേനിക്ക് അത്രയധികം വിഷമമുണ്ടായിട്ടില്ല. ഏകദേശം 80 സ്വഹാബാക്കൾ ഇത്തരത്തിൽ ചതിപ്രയോഗത്തിലൂടെ കൊല്ലപ്പെടുകയുണ്ടായി. അതും എല്ലാവരും ഹാഫിളീങ്ങളും ദരിദ്രരും നിസാർഥരുമായ വിഭാഗത്തിൽ പെട്ടവരുമായിരുന്നു. അത് അറബികളുടെ കാട്ടാള സമ്പ്രദായങ്ങൾവച്ചു നോക്കിയാൽപോലും ഒരു സാധാരണ സംഭവമായിരുന്നില്ല. നബി(സ)തിരുമേനിയെ സംബന്ധിച്ചിടത്തോളം ഇത് സ്വന്തം മക്കളുടെ മരണത്തിന് സമാനമായതോ അതിനെക്കാൾ തീക്ഷ്ണമായതോ ആയ വാർത്തയായിരുന്നു. കാരണം ഒരു ആത്മീയ പുരുഷനെ സംബന്ധിച്ചിടത്തോളം ആത്മീയ ബന്ധങ്ങൾ തീർച്ചയായും ഒരു ഭൗതികനായ വ്യക്തിക്ക് ഭൗതിക ബന്ധങ്ങളിലുള്ളതിനേക്കാൾ പ്രിയപ്പെട്ടതായിരീക്കും. ചുരുക്കത്തിൽ നബി(സ)തിരുമേനിക്ക് ഈ പ്രയാസങ്ങളിൽ വലിയ ദുഃഖമുണ്ടായിരുന്നു. പക്ഷേ, ഇസ്ലാമിൽ ഏതവസ്ഥയിലും ക്ഷമ കൈക്കൊള്ളുവാനാണ് പറഞ്ഞിരിക്കുന്നത്. നബി(സ)തിരുമേനി ഈ വാർത്ത കേട്ടപ്പോൾ *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* എന്ന് പറയുകയും തുടർന്ന് ഇത് അബൂബറാഇന്റെ പണിയുടെ പരിണിതിയാണെന്നും താൻ അവരെ പറഞ്ഞയക്കാൻ ആഗ്രഹിച്ചിരുന്നില്ലെന്നും നജ്ദുകാരെപ്പറ്റി ആശങ്കയുണ്ടായിരുന്നുവെന്നും പറഞ്ഞ് മൗനം പാലിക്കുകയും ചെയ്തു.

ബിഅ്ർ മഊനഃ, റജീഅ് സംഭവങ്ങളിൽ നിന്ന് അറേബ്യൻ ഗോത്രങ്ങൾക്ക് തങ്ങളുടെ ഉള്ളിൽ ഇസ്ലാമിനോടും ഇസ്ലാമിന്റെ അനുയായികളോടും ഉണ്ടായിരുന്ന പരമാവധി വിദ്വേഷവും ശത്രുതയും എത്രമാത്രമായിരുന്നുവെന്ന് മനസ്സിലാകുന്നുണ്ട്. അവർ ഇസ്ലാമിന്നെതിരിൽ നിന്ദാവഹമായ കളവും വഞ്ചനയും ചതിയും പ്രയോഗിക്കുന്നതിൽനിന്ന് വിട്ടുനിന്നിരുന്നില്ല. മുസ്ലിമീങ്ങളാകട്ടെ ജാഗ്രതയും ഉണർച്ചയുമൊക്കെ ഉള്ളവരായിട്ടുപോലും തങ്ങളുടെവിശ്വാസികളുടേതായ സദ്വിചാരം കാരണം പലപ്പോഴും അവരുടെ കെണിയിൽ പെട്ടുപോയിട്ടുണ്ട്. വിശുദ്ധ ഖുർആൻ ഹാഫിളീങ്ങളും നമസ്കാരക്കാരും തഹജ്ജുദ് അനുഷ്ഠിക്കുന്നവരും മസ്ജിദിന്റെ ഒരു മൂലയിൽ ഇരുന്ന് അല്ലാഹുവിനെ സ്മരിക്കുന്നവരും അതൊടൊപ്പം തികച്ചും ദരിദ്രരും പട്ടിണിപ്പാവങ്ങളുമായ ആളുകളെ ആ ദ്രോഹികൾ ദീൻ പഠിക്കാനെന്ന വ്യാജേന തങ്ങളുടെ നാട്ടിലേക്ക് വിളിക്കുകയുണ്ടായി. അവർ അതിഥികളെന്ന നിലയ്ക്ക് അവരുടെ നാട്ടിലെത്തിയപ്പോൾ നിർദാക്ഷിണ്യം അവരെ വാളിന്നിരയാക്കുകയുണ്ടായി. നബി(സ)തിരുമേനിക്ക് ഈ സംഭവത്തിൽ എത്രകണ്ട് സങ്കടമുണ്ടായാലും അത് കുറവായിരുന്നു. പക്ഷേ, നബി(സ)തിരുമേനി ആ സമയത്ത് റജീഅ്, ബിഅ്ർ മഊനഃ എന്നിവയുടെ രക്തദാഹികൾക്കെതിരിൽ ഒരു യുദ്ധ നടപടിയും കൈക്കൊള്ളുകയുണ്ടായില്ല.*(സീറത്ത് ഖാതമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)എം.എ, പേജ് 520-521)*

റജീഅ്, ബിഅ്ർ മഊനഃ സംഭവങ്ങൾക്കുശേഷം നബി(സ)തിരുമേനി ഒരുമാസം വരെ നമസ്കാരത്തിൽ ഖുനൂത്ത് ചൊല്ലുമായിരുന്നു. ഒരു നിവേദനമനുസരിച്ച് ഒരേ രാത്രിയിലാണ് റജീഅ്, ബിഅ്ർ മഊനഃ എന്നീ അനിഷ്ട സംഭവങ്ങളെ കുറിച്ച് അറിയിപ്പ് ലഭിക്കുന്നത്. ഈ രണ്ട് സംഭവങ്ങളിലും സ്വഹാബാക്കളെ ചതിയിലൂടേയും വഞ്ചനയിലൂടേയുമാണ് വധിച്ചത്. റജീയിൽ കേവലം 10 സ്വഹാബാക്കളായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, ബിഅ്ർ മഊനഃ സരിയ്യത്തിൽ 70 സ്വഹാബാക്കളാണുണ്ടായിരുന്നത്. അവരിൽ രണ്ടുപേർ മാത്രമാണ് രക്ഷപ്പെട്ടത്. അതുകൊണ്ടുതന്നെ നബി(സ)തിരുമേനിക്ക് ബിഅ്ർ മഊനഃ സംഭവത്തിൽ എത്രമാത്രം ദുഃഖവും വേദനയുണ്ടായിരുന്നുവെന്ന് ഒരു നിവേദനത്തിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ)തിരുമേനി ബിഅ്ർമഊനഃശുഹദാഇന്റെ കാര്യത്തിലുണ്ടായിരുന്നത്ര അസ്വസ്ഥത മറ്റൊരു കാര്യത്തിലും ഉള്ളതായി ഞാൻ കണ്ടിട്ടില്ല.*(സീറത്ത് എൻസൈക്ലോപീഡിയ വാള്യം 6, പേജ് 506, ദാറുസ്സലാം റിസർച്ച് സെന്റർ)*

നബി(സ)തിരുമേനി തുടർച്ചയായി ഒരു മാസം ഫജ്ർ നമസ്കാരത്തിൽ ഖുനൂ

ശേഷം പേജ് 10 ൽ

# നബി(സ) തിരുമേനിയുടെ ജീവചരിത്രം -2
## (മാനവികതയോടുള്ള ആദരവ്)

(മുഹമ്മദ് ഇനാം ഗോറി, നാളിർ അഅ്‌ലാ സ്വദ്ർ അഞ്ചുമൻ അഹ്‌മദിയ്യ ഖാദിയാൻ)

**ബദ്ർ വാള്യം 9 ലക്കം 27**
**പേജ് 12 കോളം 1–ൽനിന്ന് തുടർച്ച**

മൂന്നാമത്തെ നിയമം പലിശ നിരോധനവുമായി ബന്ധപ്പെട്ടതാണ്. കാരണം ഇത് രൂപകൊണ്ട് രൂപ സമ്പാദിക്കലാണ്. ഇതുമുഖേന സമ്പന്നൻ ഒരു അധ്വാനവും ബുദ്ധിമുട്ടും കൂടാതെ അതിസമ്പന്നനായിക്കൊണ്ടുപോകുന്നു. അതിനാൽ പലിശ ഒരു വലിയ ശാപമാണ്. അത് മനുഷ്യകുലത്തിന്റെ തലയ്ക്കുമേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ലോകം സമാധാനത്തിന്റേയും സുഖത്തിന്റേയും സ്വസ്ഥതയുടേയും ശ്വാസമെടുക്കാനാഗ്രഹിക്കുന്നെങ്കിൽ അതിനുള്ള മാർഗം, ലോകത്തുനിന്ന് പലിശ ഉന്മൂലനം ചെയ്യുക എന്നതാണ്. ഇപ്രകാരം സമ്പത്ത് കുറച്ചാളുകളുടെ കൈയിൽ കൂടുന്നതിൽനിന്ന് തടയുക.

നാലാമത്തെ നിയമം മനുഷ്യകുലത്തിന്റെ സഹതാപത്തിന്റേയും ഖിന്നതയുടേയും വികാരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ്. ഇത് സംബന്ധമായുള്ള ഇസ്‌ലാമിന്റെ അധ്യാപനം ഇതാണ്. അല്ലാഹു പറയുന്നു: '***ഹുവല്ലദീ ഖലഖലക്കും മാഫിൽ അർളി ജമീഅ.***' (2:30) ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം സൃഷ്ടിച്ചത് അല്ലാഹുതന്നെയാണ്. അതായത് ഈ ലോകത്തുള്ളതെല്ലാം മനുഷ്യകുലത്തിന്റെ കൂട്ടുസ്വത്താണ്. ആരുടെയെങ്കിലും ബുദ്ധിപരമായ കഴിവും കഠിനാധ്വാനവും പരിഗണിച്ച് കൂടുതൽ സമ്പന്നരായാൽ അവർ ദൃഢമായും വിശ്വസിക്കേണ്ടത്, അവരുടെ അധിക മുതലിൽ കഴിവില്ലാത്ത ദരിദ്രരുടേയും അശരണരുടേയും ഭാഗവുമുണ്ടെന്നാണ്. അതിനാണ് ഇസ്‌ലാം സക്കാത്തിന്റെ കല്പന തന്നിട്ടുള്ളത്. അതിന് ഒരു തോത് നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവഴിക്കപ്പെടാതെ വർഷം മുഴുവൻ കെട്ടികിടക്കുന്ന ധനത്തിന് സക്കാത്ത് ചുമത്തി. അതുപോലെ ആവശ്യത്തിലേറെ വീട്ടിൽ ധരിക്കുന്ന ആഭരണങ്ങൾക്കും സക്കാത്ത് ചുമത്തിയിട്ടുണ്ട്. ഇങ്ങനെ സഹതാപവികാരത്തോടെ അർഹരായ അവകാശികളുടെ ആവശ്യങ്ങൾ പൂർത്തിയാക്കാൻ സൗകര്യമൊരുക്കിയിരിക്കുന്നു.

ഇതിനു പുറമെയും മാനവികതയ്ക്കുണ്ടായിരുന്ന ഭീഷണി, അത് ഇന്നുമുണ്ട്. അതാണ് വംശീയമായ വിവേചനം. വർണവർഗ വ്യത്യാസം. പിന്നീട് മതപരമായ അഭിപ്രായഭിന്നതകൾ. അത് മനുഷ്യനെ എത്രത്തോളം അധഃപതിപ്പിക്കുന്നുവെന്നാൽ കൊലയും കൊള്ളയുംവരെ കാര്യങ്ങൾ ചെന്നെത്തുന്നു. മാനുഷികമായ ഭീകരപ്രവർത്തനത്തിനും ചാവേർ ആക്രമണങ്ങൾക്കും പുറമെ അങ്ങേയറ്റം നാശകരമായ ആയുധങ്ങൾകൊണ്ടും ഡ്രോൺ ആക്രമണങ്ങൾകൊണ്ടും വൃദ്ധരും കുട്ടികളും സ്ത്രീകളും നിരപരാധികളായ ആളുകളും നിഷ്കരുണം വധിക്കപ്പെടുന്ന സംഭവങ്ങൾ നിത്യവും നാം കേൾക്കുന്നു. കണ്ടുകൊണ്ടുമിരിക്കുന്നു. വിശുദ്ധഖുർആൻ അത്തരം നിരപരാധികളെ വധിക്കുന്നത് മുഴുവൻ മനുഷ്യരേയും വധിക്കുന്നതിനു തുല്യമാണെന്ന് പറയുന്നു.

***മൻഖത്തല നഫ്സൻ ബിഗയ്‌രി നഫ്സിൻ ഔ ഫസാദിൻ ഫിൽഅർളി ഫ കഅന്നമാ ഖത്തലന്നാസ ജമീഅ വമൻ അഹ്‌യാഹാ ഫകഅന്നമാ അഹ്‌യന്നാസ ജമീഅ*** (5:33) ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ നിരപരാധിയായ ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെയാകുന്നു.

അതിനാൽ മുസ്‌ലിം ഭീകരവാദിയാണെങ്കിലും അമുസ്‌ലിം ഭീകരവാദിയാണെങ്കിലും വികസിത രാജ്യങ്ങളിലെ നാശകരമായ ആയുധങ്ങൾ വിതരണം ചെയ്യുന്നവരായാലും വികസ്വര രാജ്യങ്ങളിലെ വിതരണക്കാരാണെങ്കിലും ഈ നാശകരമായ ആയുധങ്ങൾ വാങ്ങി ഉപയോഗിക്കുന്നവരായാലും മാനവികതയുടെ സഹായിയുടെ ഈ അടിസ്ഥാനപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തിടത്തോളം മാനവികതയ്ക്ക് എന്നും ഭീഷണി തന്നെയായിരിക്കും.

ഈ സമാധാനപ്രദമായ സന്ദേശവുമായി നമ്മുടെ പ്രിയങ്കരനായ ഇമാം ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് ലോകത്തിലെ പരമോന്നത നേതാക്കൾക്ക്, വലിയ വലിയ രാജകൊട്ടാരങ്ങളിലും പാർലമെന്റുകളിൽച്ചെന്ന് ലോകജനതയ്ക്ക് മുന്നറിയിപ്പ് നല്കുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് 2013 ജൂൺ 11- ന് ഇംഗ്ലണ്ടിൽ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതവാർഷിക പരിപാടികളുടെ പരമ്പരയിൽ ലണ്ടൻ പാർലമെന്റ് ഹൗസിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു:"ഇപ്രകാരം പരിശുദ്ധ പ്രവാചകൻ തന്റെ ജീവിതം മുഴുവൻ ലോകത്ത് സമാധാനം വ്യാപിപ്പിക്കാനായി വിനിയോഗിച്ചു. അതായിരുന്നു അദ്ദേഹത്തിന്റെ ഉന്നതമായ ദൗത്യം. തീർച്ചയായും തീവ്രവാദത്തിന്റെ അധ്യാപനങ്ങളൊന്നുംതന്നെ അദ്ദേഹം കൊണ്ടുവന്നില്ലെന്ന് ലോകജനത തിരിച്ചറിയും. മനസ്സിലാക്കുകയും ചെയ്യും. ഒരുനാൾ വരികതന്നെ ചെയ്യും. അന്ന് അവർ അദ്ദേഹം കൊണ്ടുവന്നത് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും അനുകമ്പയുടേയും സന്ദേശമായിരുന്നുവെന്ന് തിരിച്ചറിയും. അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് പിന്തുടരുന്നതും ആശ്രയിക്കുന്നതും ഈ അധ്യാപനങ്ങളെയാണ്. പരസ്പര ധാരണയുടേയും സഹിഷ്ണുതയുടേയും അനുകമ്പയുടേയും ഈ അധ്യാപനങ്ങളാണ് ഞാൻ പ്രോത്സാഹിപ്പിക്കുന്നതും ലോകത്തിന്റെ മുക്കിലും മൂലയിലും എത്തിക്കുന്നതും. തീവ്രവും ഭയാനകവുമായ ക്രൂരതകളും പീഢനങ്ങളും വർഷങ്ങളോളം നേരിട്ടതിനുശേഷം മക്കയുടെ തെരുവുകളിലേക്ക് വിജയശ്രീലാളിതനായി തിരിച്ചുചെന്ന പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) പ്രാവർത്തികമാക്കി കാണിച്ച ദയയുടേയും മനുഷ്യസ്നേഹത്തിന്റേയും സമാനതകളില്ലാത്ത, ചരിത്രപ്രാധാന്യമുള്ള മാതൃകയാണ് ഞങ്ങൾ പിന്തുടരുന്നത്.' *(ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും, മലയാളം പേജ് 133 - 134)*

ഇംഗ്ലണ്ടിലെ അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച 9-ാമത് സമാധാനവാർഷിക സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു:

'അഹ്‌മദിയ്യാ ജമാഅത്തിലെ അംഗങ്ങളായ ഞങ്ങൾ കഴിയുന്നിടത്തോളം ലോകത്തേയും മാനവികതയേയും നാശത്തിൽനിന്ന് രക്ഷിക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയാണ്. അതിനു കാരണം ഇക്കാലഘട്ടത്തിലെ ഇമാമിനെ ഞങ്ങൾ സ്വീകരിച്ചിരിക്കുന്നു എന്നതാണ്. അദ്ദേഹത്തെ അല്ലാഹു വാഗ്ദത്ത മസീഹാക്കി അയച്ചു. അദ്ദേഹം ഹദ്‌റത്ത് മുഹമ്മദ് റസൂലുല്ലാഹി(സ)യുടെ സേവകൻ എന്ന നിലയിൽ നിയമിതനായി. ഞങ്ങൾ ഞങ്ങളുടെ യജമാനരായ ഹദ്‌റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ അധ്യാപനങ്ങളനുസരിച്ച് ആത്മാർഥമായി പ്രവർത്തിക്കുന്നു. അതുകൊണ്ട് ലോകത്തിന്റെ അവസ്ഥ കാണുമ്പോൾ ഞങ്ങളുടെ മനസ് വിഷമിക്കുകയും ബുദ്ധിമുട്ടിൽ അകപ്പെടുകയും ചെയ്യുന്നു. മാനവികതയെ നാശത്തിൽനിന്നും വിപത്തുകളിൽനിന്നും രക്ഷിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമങ്ങളുടെ പിന്നിൽ ഇതേ ദുഃഖവും ബുദ്ധിമുട്ടുമാണുള്ളത്. അതുകൊണ്ട് ഈ വിനീതനും എല്ലാ അഹ്‌മദീ മുസ്‌ലിമീങ്ങളും ലോകത്ത് സമാധാനം കിട്ടുന്നതിന് അവരവരുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.' *(ആലമീ ബുഹ്റാനും സമാധാനത്തിന്റെ വഴിയും പേജ് 46)*

2013 ജൂൺ 11-ന് ലണ്ടനിലെ പാർലമെന്റ് ഹൗസിൽ ചെയ്ത പ്രസംഗത്തിൽ പറഞ്ഞു: 'സമയത്തിന് പ്രധാന ആവശ്യമുണ്ട്. ആഗോള സമാധാനവും സൗഹാർദവും ഉറപ്പാക്കുന്നതിനുള്ള പരിശ്രമത്തിൽ എല്ലാ ജനങ്ങളും അന്യോന്യവും എല്ലാ മതങ്ങളോടും പരസ്പര ബഹുമാനം പ്രകടിപ്പിക്കേണ്ടതാണ്. ഇത് ഇക്കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന് ബദലുകളെല്ലാംതന്നെ ഞെട്ടിപ്പിക്കുന്നവയാണ്.

ലോകമിന്ന് ആഗോളഗ്രാമമായി മാറിയിരിക്കുകയാണ്. അതിനാൽ സമാധാന പ്രചാരണത്തിന് ഒന്നിച്ചുനിൽക്കുന്നതിനുള്ള പരാജയവും പരസ്പര ബഹുമാനത്തിന്റെ കുറവും ഒരു പ്രദേശത്തെയോ നഗരത്തെയോ രാജ്യത്തെയോ മാത്രമല്ല അപായപ്പെടുത്തുക. മറിച്ച് യഥാർഥത്തിൽ മുഴുവൻ ലോകത്തിന്റേയും സമ്പൂർണ നാശത്തിലേക്കായിരിക്കും ആത്യന്തികമായി നയിക്കുക.

കഴിഞ്ഞ രണ്ട് ലോകമഹായുദ്ധങ്ങൾ മൂലമുണ്ടായ ഞെട്ടിപ്പിക്കുന്ന സമ്പൂർണ നാശത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ചില രാജ്യങ്ങളുടെ പ്രവർത്തനങ്ങൾ കാരണമിന്ന് ചക്രവാളത്തിൽ മറ്റൊരു ലോകയുദ്ധത്തിന്റെ ലക്ഷണങ്ങൾ കാണപ്പെടുന്നു.

ഒരു ലോകമഹായുദ്ധമിന്ന് പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ അതിന്റെ ദൂരവ്യാപകവും വിനാശകരവുമായ പ്രത്യാഘാതങ്ങൾ പാശ്ചാത്യലോകത്തേയും ആഴത്തിൽ ബാധിക്കുന്നതായിരിക്കും. അത്തരത്തിലുള്ള സമ്പൂർണ നാശത്തിൽനിന്ന് നമുക്ക് നമ്മെ രക്ഷിക്കാം. യുദ്ധത്തിന്റെ ദുരിതാനുഭവങ്ങളിൽനിന്നും സംഹാരാത്മകമായ പ്രത്യാഘാതങ്ങളിൽനിന്നും നമുക്ക് ഭാവിതലമുറയെ രക്ഷിക്കാം. ഏറ്റവും ഭീതിജനകമായ യുദ്ധം ആണവയുദ്ധം തന്നെയായിരിക്കുമെന്നത് വ്യക്തമാണ്. തീർച്ചയായും ഏതു രീതിയിലാണോ ലോകമിന്ന് മുന്നോട്ടുപോകുന്നത് അതിലൊരു ആണവയുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുള്ള എല്ലാ അപകടസാധ്യതയും കാണപ്പെടുന്നുണ്ട്. അത്തരത്തിലുള്ളൊരു പരിണിതഫലം തടയുന്നതിന് നാം നീതിയും സ്വഭാവദാർഢ്യതയും സത്യസന്ധതയും കൈക്കൊള്ളണം. ലോകസമാധാനം തകർക്കാനാഗ്രഹിക്കുന്ന, വിദ്വേഷം പരത്താനാഗ്രഹിക്കുന്ന ഗ്രൂപ്പുകളെ തടയുകയും അടിച്ചമർത്തുകയും ചെയ്യാൻ ഒന്നിച്ചണിചേരണം.

ഈ ഉദ്യമത്തിൽ നിഷ്കപടവും നീതിപൂർവ്വവുമായ നിലയിൽ ലോകത്തിലെ പ്രബല ശക്തികൾക്ക് തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും ശരിയാംവണ്ണം നിർവഹിക്കാൻ സർവശക്തനായ ദൈവം

ശേഷം പേജ് 11 ൽ

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസിന്റെ ജർമൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര**

(ബദ്ർ വാള്യം 9, ലക്കം 25 പേജ് 12, കോളം 2–ൽനിന്ന് തുടർച്ച......)

**ഹുസൂറിന്റെ അനുഗൃഹീത സാന്നിദ്ധ്യം**

പുരുഷന്മാരുടെ ജൽസാ ഗാഹിലെ പൂർണമായ ഒരുക്കങ്ങൾ, ഹാൾ നമ്പർ 3-ലെ ഭക്ഷണ പാചകത്തിനും താമസത്തിനുമുള്ള സൗകര്യങ്ങൾ, ചില ഓഫീസുകളും പുറത്തുള്ള ലങ്കർഖാനയും (ധർമഭോജനശാല), അടുപ്പുകൾ, വൈദ്യുതി സംവിധാനം, പാചകപാത്രങ്ങൾ, മറ്റു ഓഫീസുകൾ, എം. ടി. എ സ്റ്റുഡിയോയുടെയും ചികിത്സാ സഹായ ഓഫീസുകളുടെയും തയ്യാറെടുപ്പുകളെല്ലാം നടന്നത് ശ്രമദാനത്തിലൂടെയാണ്.

ശ്രമദാനം മുഖേന 4.8 കിലോമീറ്റർ നീളത്തിൽ വലിയ വേലികെട്ടി. 4.5 കിലോമീറ്റർ നീളത്തിൽ ചെറിയ വേലിയും കെട്ടിയിരുന്നു. കൂടാതെ സ്ത്രീകൾക്കുള്ള ജൽസാ ഗാഹിന്റെ തയ്യാറെടുപ്പ്, കുട്ടികളേയും കൊണ്ടുവരുന്ന സ്ത്രീകൾക്കുള്ള പ്രത്യേക ജൽസാ ഗാഹിന്റെ തയ്യാറെടുപ്പ്, സ്ത്രീകളുടെ താമസത്തിന്റേയും ഭക്ഷണത്തിന്റേയും സൗകര്യങ്ങളുടെ തയ്യാറെടുപ്പ്, ലജ്നാ ഹാളിന്റേയും ഓഫീസുകളുടേയും തയ്യാറെടുപ്പ് തുടങ്ങിയ പ്രവൃത്തികളും ശ്രമദാനം വഴിയാണ് നടന്നത്.

ഹുദൂറിന്റെ വിലയിരുത്തൽ ആരംഭിച്ചത് രജിസ്ട്രേഷൻ വിഭാഗത്തിൽ നിന്നാണ്. കാർഡ് ചെക്കിംഗ് സിസ്റ്റവും നോക്കിക്കണ്ടു. കാർഡിന്റെ ഭാഗം സ്കാൻ ചെയ്തുടൻതന്നെ സ്ക്രീനിൽ ഫോട്ടോയും മറ്റു വിവരങ്ങളും സ്ക്രീനിൽ തെളിയുന്നു. ഈ വിഭാഗത്തിന്റെ പ്രവർത്തകനോടു ഇതിന്റെ പ്രവർത്തന സംബന്ധമായി ചില വിവരങ്ങൾ ഹുദൂർ അന്വേഷിച്ചറിഞ്ഞു. ശേഷം ഹുദൂർ ജൽസാ സാലാന ഓഫീസ്, അഫ്സർ ജൽസാസാലാന ഓഫീസ്, സ്വഷ്ടി സേവന വിഭാഗം ഓഫീസ് എന്നിവയും വീക്ഷിച്ചു.

തുടർന്ന് എം. ടി. എ വിഭാഗത്തിൽ വന്നു. ദൃശ്യ-ശ്രവണ വിഭാഗത്തിന്റെ കീഴിൽ സ്ഥാപിതമായ ഫോട്ടോഗ്രാഫി വിഭാഗ കൗണ്ടറും സന്ദർശിച്ചു. ഹുദൂർ കൗണ്ടറിൽ സ്ഥാപിച്ചിട്ടുള്ള സ്ക്രീനിൽ *www.mskhzan-e-tasweer.de* എന്ന പുതിയ സൈറ്റ് ഉദ്ഘാടനം ചെയ്തു. ജർമനി ജമാഅത്തിന്റെ ചരിത്രം ചിത്രങ്ങളുടെ രൂപത്തിൽ സംരക്ഷിക്കാൻ ഈയടുത്ത് ഹുദൂർ അനുമതി നല്കിയതാണ്. ഇതുവരെ 2000 ചിത്രങ്ങൾ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. 14000 ചരിത്രപരമായ ചിത്രങ്ങൾ ഡിജിറ്റൽരൂപത്തിലും സ്കാൻ ചെയ്തുകഴിഞ്ഞു.

ജർമനി എംടിഎ സ്റ്റുഡിയോ എഡിറ്റിംഗ് വിഭാഗ ഓഫീസ് തുടർന്ന് ഹുദൂർ സന്ദർശിച്ചു. സൗകര്യങ്ങൾ വിലയിരുത്തി. ജൽസയോടനുബന്ധിച്ച് തൽസമയ പരിപാടി കാണിക്കാൻ തയ്യാറാക്കപ്പെട്ട അനിമേഷൻ സ്ക്രീനിൽ ദൃശ്യമായ തൽസമയ പരിപടി ഹുദൂർ കണ്ടു. തുടർന്ന് കൺട്രോൾ റൂം സന്ദർശിച്ച ഹുദൂർ ഈ ജൽസയിൽ ഏർപ്പെടുത്തിയ ഓഫീസ് മാറ്റത്തെ കുറിച്ചും അന്വേഷിച്ചു. ഹാളിന് പുറത്തേക്ക് ഇപ്രാവശ്യം കൺട്രോൾ റൂം മാറ്റുകയും കഠിനമായ ചൂടിനെ പ്രതിരോധിക്കാൻ 3 വലിയ എയർക്കണ്ടീഷൻ സ്ഥാപിക്കുകയും ചെയ്തിരുന്നു. തുടർന്ന് ജൽസയുടെ ലൈവ് പരിപാടി സംപ്രേഷണം ചെയ്യാൻവേണ്ടി തയ്യാറാക്കിയിട്ടുള്ള 2 താൽക്കാലിക സ്റ്റുഡിയോകളും ഹുദൂർ നോക്കിക്കണ്ടു. എംടിഎ ചാനൽ ഒന്നിനും 3 നും വേണ്ടിയാണ് ഒരു സ്റ്റുഡിയോ. വെബ്സ്ട്രീം വഴിയുള്ള എല്ലാ ജർമൻ പരിപാടികളും സംപ്രേഷണം ചെയ്യാൻ വേണ്ടിയാണ് രണ്ടാമത്തെ സ്റ്റുഡിയോ. ഒരേസമയംതന്നെ ഇത് രണ്ടും പ്രവർത്തിക്കുന്നതാണ്. വെബ്സ്ട്രീം വഴിയുള്ള സംപ്രേഷണങ്ങൾ ജർമനിയെ കൂടാതെ സ്വിറ്റ്സർ ലാൻഡ് ഓസ്ട്രേലിയാ ദേശത്തുള്ള ഈ ഭാഷ സംസാരിക്കുന്ന സഹോദരങ്ങൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കും.

തുടർന്ന് തർജമ വിഭാഗത്തിലെ സൗകര്യങ്ങൾ ഹുദൂർ സന്ദർശിച്ച് വിലയിരുത്തി. 11 ഭാഷകളിൽ ഇവിടെ ജൽസാഗാഹിൽ തർജമയ്ക്കുള്ള സംവിധാനം ഉണ്ടായിരുന്നു. ജർമൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, ടർക്കിഷ്, അറബി, ബൽഗേരിയൻ, അൽബേനിയൻ, ബോസ്നി' യൻ, റഷ്യൻ പേർഷ്യൻ ബംഗ്ല. ഇവിയിൽ അറബി, ഫ്രഞ്ച്, ബംഗ്ല ഭാഷകളുടെ ഭാഷാന്തരം ജൽസാഗാഹിൽനിന്നു തൽസമയ സംപ്രേഷണം ചെയ്യുന്നതായിരിക്കും.

ഹ്യുമാനിറ്റി ഫസ്റ്റ് വിഭാഗം സന്ദർശിച്ച ഹുദൂർ വിവിധ പ്രവർത്തനങ്ങളെ കുറിച്ച് ചോദിച്ചറിഞ്ഞു. ഹ്യുമാനിറ്റി ഫസ്റ്റ് ജർമനി സ്വന്തം പേരോടുകൂടി വിവിധ വസ്തുക്കൾ തയ്യാറാക്കിയിരുന്നു. ഈ വസ്തുക്കൾവില്പനക്കുവേണ്ടിതയ്യാറാക്കിയതായിരുന്നു. സംഘാടകർ ഹുദൂറിന് ഈ വസ്തുക്കൾ അടങ്ങുന്ന ഒരു പാക്കറ്റ് ഉപഹാരമായി നല്കി. ഈ വസ്തുക്കളുടെ വില ഹുദൂർ വാത്സല്യപൂർവം ചോദിച്ചു. ഈ തുക അടച്ച് ഹുദൂർ ആ പാക്കറ്റ് കൈപ്പറ്റി.

തുടർന്ന് ഹുദൂർ പ്രചാരണ വകുപ്പ് സ്ഥാപിച്ചിട്ടുള്ള എക്സിബിഷൻ സ്റ്റാളുകൾ സന്ദർശിച്ചു. ഇത് വിശുദ്ധ ഖുർആൻ, ഇസ്‌ലാം-അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്താനും മറ്റുമുള്ള സ്റ്റാളുകളാണ്. ചില പുതിയ ഫീച്ചറുകൾ ഈ സ്റ്റാളിൽ ചേർത്തിട്ടുണ്ട്. ടച്ച് സ്ക്രീനുകൾ വിശിഷ്യാ ഈ സ്ക്രീനുകളിൽ ഇസ്‌ലാം അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തുന്ന വിഷയമാണ് തയ്യാറാക്കിയിട്ടുള്ളത്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രവും ഇതിലുണ്ട്. ഹുദൂർ ഈ പരിപാടിയുടെ വിവിധ ഭാഗങ്ങൾ വീക്ഷിച്ചു.

വസ്വിയ്യത്ത് വിഭാഗം, കരകൗശല കച്ചവട വിഭാഗം, വഖ്ഫെ ജദീദ് വിഭാഗം, സംയി-ബസ്വ്‌രി വിഭാഗം, തഅ്‌ലീമുൽ ഖുർആൻ വഖ്ഫെ ആർസി വിഭാഗം എന്നിവയുടെ കാര്യാലയങ്ങളും ക്രമത്തിൽ ഹുദൂർ സന്ദർശിച്ചു. തുടർന്ന് ബുക്സ്റ്റാളും ബുക്ക്സ്റ്റോറും സന്ദർശിച്ച് സവിസ്തരം വിലയിരുത്തി. ഇവിടെ വളരെ ചിട്ടയോടെ മേശകളിലും വിവിധ സ്റ്റാന്റുകളിലും ഗ്രന്ഥങ്ങൾ വെക്കപ്പെട്ടിരുന്നു. പുസ്തകങ്ങൾ വാങ്ങുന്നവർക്ക് എളുപ്പത്തിൽ തിരഞ്ഞെടുക്കാനുതകുന്ന തരത്തിലാണ് ഇതിന്റെ സംവിധാനം.

പ്രസിദ്ധീകരണ വിഭാഗത്തിന്റെ നാഷണൽ സെക്രട്ടറിക്ക് ഹുദൂർ ചില മാർഗനിർദേശങ്ങൾ നല്കി. ഖുത്വ്ബാത്തെ ത്വാഹിർ, ഖുത്വ്ബാത്തെ മസ്റൂർ, അൻവാറുൽഉലൂം എന്നിവയുടെ പുതുതായി പ്രസിദ്ധീകരിച്ച വാള്യങ്ങൾ ഖാദിയാനിൽനിന്നു വരുത്തി എല്ലാ സെറ്റുകളും പൂർണ്ണമാക്കാൻ ഹുദൂർ നിർദ്ദേശിച്ചു.

വൈവാഹിക വിഭാഗ കാര്യാലയത്തിലൂടെ കടന്നുപോയ ഹുദൂർ ജർമനി ജാമിഅ കാര്യാലയവും സന്ദർശിച്ചു. ജാമിഅ അഹ്മദിയ്യായിൽ നടക്കുന്ന എല്ലാ പ്രോഗ്രാമുകളും പ്രവർത്തനങ്ങളും ഇവിടെ ചിത്രീകരിച്ചിരുന്നു. ശേഷം സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന വിഭാഗം വീക്ഷിച്ചു. ഈ കാര്യാലയം മുഖേന ജർമനിയിൽ നിർമിതമായ വിവിധ മസ്ജിദുകളുടെ ഫോട്ടോകൾ പ്രദർശിപ്പിച്ചിരുന്നു. ഇതര കെട്ടിടങ്ങളുടേയും ചിത്രങ്ങൾ പതിച്ചിരുന്നു. തറക്കല്ലിടൽ ചടങ്ങുകൾ ഉദ്ഘാടനങ്ങൾ തുടങ്ങിയ ഫോട്ടോകളും ഇതിന്റെ ഭാഗമായി. തുടർന്ന് ഹാളിൽപോയ ഹുദൂർ വിദേശരാജ്യങ്ങളിൽനിന്ന് വരുന്ന അതിഥികളുടെ താമസസൗകര്യം ഭക്ഷണ സൗകര്യം കിടക്കകളുടെ സെറ്റിംഗ് എന്നിവ നോക്കിക്കണ്ടു. ഹാളിനോടു ചേർന്നുതന്നെ ഭക്ഷണം കഴിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു. വളരെ നല്ല ചിട്ടയോടെ മേശകളും കസേരകളും സംവിധാനിച്ചു കഴിഞ്ഞിരുന്നു. ഓരോ മേശയിലും കുടിവെള്ളം, മറ്റു സൗകര്യങ്ങൾ ഒരുക്കിയിരുന്നു. ഒപ്പംതന്നെ രണ്ടു സ്ഥലങ്ങളിൽ ബഫെ സിസ്റ്റത്തിലുള്ള ഭക്ഷണവിതരണ സംവിധാനവും ഒരുക്കപ്പെട്ടിരുന്നു.

ഹുദൂർ ഒരു റൊട്ടിക്കഷണം കഴിച്ച് അതിന്റെ നിലവാരം വിലയിരുത്തി. അതിഥികൾക്കുവേണ്ടി ഒരുക്കപ്പെട്ടിരുന്ന ഭക്ഷണം കഴിക്കാനുള്ള മറ്റു സംവിധാനങ്ങളും നോക്കിക്കണ്ടു. ഇതിനു കീഴിൽ ഒരു സമയത്ത് ആയിരക്കണക്കിന് പേർക്ക് ഭക്ഷണം കഴിക്കാൻ കഴിയും. മേശകളിന്മേൽ കുടിവെള്ളത്തിന്റെ ബോട്ടിലുകളും ഗ്ലാസും മറ്റും അന്യത്ര ഒരുക്കപ്പെട്ടിരുന്നു. ഭക്ഷണ സമയത്ത് മുമ്പിൽത്തന്നെ വെള്ളം ലഭ്യമായിരുന്നു. സായാഹ്ന ഭക്ഷണം തയ്യാറായി എത്തിയിരുന്നു. ഹുദൂർ ഭക്ഷണത്തെ കുറിച്ച് ചോദിച്ചറിഞ്ഞു. നിലവാരം വിലയിരുത്തി.

ഭക്ഷണ സാധനങ്ങൾ ശേഖരിച്ചിട്ടുള്ള സ്റ്റോറും സന്ദർശിച്ചു. ഇവിടെനിന്ന് ആവശ്യാനുസൃതം സാധനങ്ങൾ വിവിധ ഭാഗത്തേക്ക് വിതരണം ചെയ്തിരുന്നു. ശേഷം ലങ്കർഖാന സന്ദർശനമായിരുന്നു. ആദ്യം മൃഗങ്ങങ്ങളെ അറുക്കുകയും വൃത്തിയാക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ സന്ദർശിച്ചു. അറവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചോദിച്ചറിഞ്ഞ ഹുദൂർ അറവിനുശേഷം മാംസം പുറത്തുവെക്കാതെ പെട്ടെന്ന് തന്നെ റെഫ്രിജേറ്ററിൽ സുരക്ഷിതമാക്കണമെന്ന് നിർദ്ദേശിച്ചു.

ലങ്കർഖാനയുമായി ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും ഹുദൂർ നോക്കി വിലയിരുത്തി. ഭക്ഷണനിലവാരത്തെ കുറിച്ച് അന്വേഷിച്ചു. സംഘാടകരോടു ആശയ വിനിമയം നടത്തി. ഉരുളക്കിഴങ്ങ്, മാംസക്കറി, ദാൽ എന്നിവ തയ്യാറായിക്കഴിഞ്ഞിരുന്നു. ഹുദൂർ ഉരുളക്കിഴങ്ങും മാംസവും ഓരോ കഷണം എടുത്ത് രുചിച്ചുനോക്കി. ദാൽ നല്ല രുചികരാമായി പാചകം ചെയ്തുവെന്ന് ഹുദൂർ പറഞ്ഞു. ഉരുളക്കിഴങ്ങ് മാംസം എന്നിവയിൽ കുറച്ചു കുറവുണ്ട്. പാചകപാത്രത്തിൽനിന്ന് ഇതു രണ്ടും എടുത്ത് പരിശോധിക്കുക. ലങ്കർഖാന പ്രവർത്തകർ ചേർന്ന് ഒരു വലിയ കേക്ക് തയ്യാറാക്കിയിരുന്നു. ഹുദൂർ സേവകർക്കു വേണ്ടി കേക്ക് മുറിച്ച് കഷണങ്ങളാക്കി.

ലങ്കർഖാനയിലെ എല്ലാ പ്രവർത്തകർക്കും ഹുദൂറിനൊപ്പം ചേർന്ന് ഫോട്ടോ എടുക്കാനും ഭാഗ്യം ലഭിച്ചു. ലങ്കർഖാനക്ക് പുറത്ത് വലിയവലിയ ചെമ്പുപാത്രങ്ങൾ കഴുകാനുള്ള മെഷീൻ സ്ഥാ

പിച്ചിരുന്നു. കഴിഞ്ഞ 8 വർഷമായി ഇത് പ്രവർത്തിപ്പിച്ച് വരുന്നു. ഓരോ വർഷവും ഇതിൽ പുതിയ സാങ്കേതിക വിദ്യകൾ മുഖേന പരിഷ്കരണം നടത്തി വരുന്നുണ്ട്. മൂന്ന് അഹ്മദി എഞ്ചിനീയർമാർ കഠിനാധ്വാനത്തിലൂടെ തയ്യാറാക്കിയതാണിത്.

ഈ വർഷവും ഇതിൽ പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. മുമ്പേ ചെമ്പുവെച്ചതിനുശേഷം കഴുകൽ പ്രവൃത്തി ആരംഭിക്കാൻ ഒരു ബട്ടൺ അമർത്തേണ്ടിയിരുന്നു. ഇനി അതിന്റെ ആവശ്യമില്ല. ചെമ്പ് വെക്കുന്നതോടെതന്നെ പ്രവർത്തനം തുടങ്ങുന്നു. ഒരു സെൻസർ സിസ്റ്റം ഇതിൽ ഘടിപ്പിച്ചു.

4 പുതിയ സാങ്കേതിക വിദ്യകളാണ് ഈ വർഷം ഇതിന്റെ ഭാഗമാക്കിയത്. ഈ മെഷിൻ നിന്നുപോയാലും സ്വയം ശരിയാക്കുന്നു. കഴിഞ്ഞ വർഷം 2 മിനിറ്റിൽ ഒരു ചെമ്പു വൃത്തിയാക്കി പുറത്തുവന്നിരുന്നു. ഇത് ഒരു മിനിറ്റായി കുറച്ചു. തുടർന്ന് ഉള്ളി മുറിക്കുന്ന മെഷീനും ഹുദൂർ വീക്ഷിച്ചു.

തുടർന്ന് തയ്യാറാക്കപ്പെട്ടിട്ടുള്ള ബാസാറും സന്ദർശിച്ചു. ഇതിൽ വിവിധ വസ്തുക്കളുടേയും ഭക്ഷണ സാധനങ്ങളുടേയും സ്റ്റാളുകളുണ്ടായിരുന്നു. ഓരോ സ്റ്റാളിന്റെ മുമ്പിലും ഖുദ്ദാം സ്വയം തയ്യാറാക്കിയ ഭക്ഷണസാധനങ്ങളും കൈയിലെടുത്ത് നിലയുറപ്പിച്ചു കഴിഞ്ഞിരുന്നു. ഓരോ സ്റ്റാളിന്റേയും മുമ്പിലൂടെ കടന്നു പോയ ഹുദൂർ ഓരോരുത്തരിൽനിന്ന് അല്പഭക്ഷണ സാധനം എടുത്ത് രുചിച്ചു നോക്കി. ചിലപ്പോൾ കുറച്ചുഭാഗം എടുത്ത് ഖുദ്ദാമിന് നല്കി. ചിലപ്പോൾ സ്വന്തം കൈയിൽത്തന്നെ വെച്ചു. അങ്ങനെ ഈ സൗഭാഗ്യരായ ഖുദ്ദാം ഹുദൂറിന്റെ അനുകമ്പയുടേയും ബർക്കത്തിന്റേയും ഭാഗമായിക്കൊണ്ടിരുന്നു. ഓരോരുത്തരും ഏതെങ്കിലും രീതിയിൽ പ്രിയപ്പെട്ട ഇമാമിന്റെ സ്നേഹത്തിൽ ഭാഗഭാക്കായി. ഹുദൂർ അവരുമായി ആശയവിനിമയവും നടത്തി. എവിടെനിന്ന് വന്നെന്നും എത്ര വർഷമായെന്നും തുടങ്ങി ജീവിതാവസ്ഥകളെ കുറിച്ചും അന്വേഷിച്ചു.

അടുത്തത് പ്രൈവറ്റ് ടെന്റുകളുടെ ഊഴമായിരുന്നു. ഹുദൂർ അവിടേയും സന്ദർശിച്ച് വിലയിരുത്തി. 630 ടെന്റുകൾ സ്ഥാപിച്ചിരുന്നു. മൂവായിരം പേർ ഇതിൽ താമസിക്കുന്നു. ഈ ഏരിയയുടെ അതിർത്തിയിൽ ഫെൻസും ഗേറ്റും സ്ഥാപിച്ചിരുന്നു. ഇവിടേക്ക് രജിസ്ട്രേഷൻ കാർഡ് ചെക്കിംഗിനും സ്കാനിംഗിനും ശേഷം മാത്രമേ പ്രവേശനം അനുവദിച്ചിരുന്നുള്ളൂ. ഹുദൂർ ടെന്റ് ഏരിയയുടെ മധ്യത്തിൽ സ്ഥാപിച്ചിട്ടുള്ള വഴിയിലൂടെ മുന്നോട്ടു നടന്നു. ഓരോ ഫാമിലിയും അതാത് ടെന്റിന്റെ സമീപം നിലയുറപ്പിച്ചു. ചിലത് സ്ഥാപിച്ചു വരികയായിരുന്നു. എല്ലാവരും കൈകളുയർത്തി പ്രിയപ്പെട്ട ഇമാമിന് സലാം പറഞ്ഞു. ഹുദൂർ അനുകമ്പയോടെ മറുപടി നല്കി. ചിലരോടു കുശലാന്വേഷണം നടത്തി. വിവിധ സൈസുകളിലായിരുന്നു ടെന്റുകൾ. ടെന്റിൽ എത്ര പേർക്ക് താമസിക്കാൻ പറ്റുമെന്ന് ചിലരോടു ഹുദൂർ ചോദിച്ചു.

ഈ വളപ്പിന്റെ ഒരു ഭാഗം സാർഥവാഹകസംഘത്തിനുവേണ്ടി പ്രത്യേകപ്പെടുത്തിയിരുന്നു. ഇതിലെ ഒരു കുടുംബത്തോടു എത്ര പേർക്ക് താമസിക്കാൻ സാധിക്കുമെന്നും സൗകര്യങ്ങളെന്തൊക്കെയാണെന്നും ഹുദൂർ ചോദിച്ചു. ഈയവസരത്തിൽ നൂറുക്കണക്കിന് പേർക്ക് പ്രിയപ്പെട്ട ഇമാമിനെ വളരെയടുത്ത് നിന്ന് നേരിട്ടു കാണാൻ സാധിച്ചു. അവർ സംതൃപ്തരായി. ലഭിച്ച സൗഭാഗ്യത്തിൽ അവർ സന്തോഷത്തിലായിരുന്നു.

08.35-ന് ഹുദൂർ ലജ്നാ ജൽസാ ഗാഹും സന്ദർശിച്ചു. എല്ലാ സംവിധാനങ്ങളും നിരീക്ഷിക്കുകയും ചെയ്തു. മാർഗനിർദ്ദേശങ്ങളും നല്കി.

സ്ത്രീകളുടെ ജൽസാ ഗാഹിലെ സംവിധാനം ഒരുക്കാൻ വേണ്ടി ഒരു നാളിമാ അഅ്ലായും 15 ഡെപ്യൂട്ടികളും 125 നാളിമാത്തുകളും 480 അവരുടെ ഡെപ്യൂട്ടികളും 3467 സഹായികളുമുണ്ടായിരുന്നു. ഇപ്രകാരം ആകെ 4088 സ്ത്രീകളും പെൺകുട്ടികളും അടങ്ങുന്ന സംഘമാണ് ഡ്യൂട്ടി നിർവഹിച്ചിരുന്നത്.(തുടരും) *(അവലംബം:ബദ്ർ ഉർദു 2014 ജൂലായ് 24)*

**പേജ് 7 ൽ നിന്ന്**

ത്ത് ചൊല്ലുകയും അതിൽ രിഅ്ൽ, ദക്വാൻ, ബനൂലഹ്യാൻ ഗോത്രങ്ങൾക്കെതിരിൽ ശാപപ്രാർഥന നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. *(ഉസുദുൽഗാബ, വാള്യം 3, പേജ് 108, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2003)*

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) നിവേദനം. നബി(സ)തിരുമേനി രിഅ്ൽ, ദക്വാൻ ഗോത്രങ്ങൾക്കെതിരിൽ ഒരു മാസത്തോളം ശാപപ്രാർഥന ചൊല്ലുകയുണ്ടായി. *(സ്വഹീഹുൽ ബുഖാരി , കിതാബുൽവിത്ർ, ബാബു അൽഖുനൂത്തു ഖബ്ലർറൂക്കൂയി ഹദീഥ് 1003)*

സ്വഹീഹ് മുസ്‌ലിമിൽ ദുഃആയുടെ വാക്കുകൾ ഇപ്രകാരം കാണാം: അല്ലാഹുവേ! ബനൂലഹ്യാൻ രിഅ്ൽ, ദക്വാൻ ഗോത്രങ്ങൾക്കുമേൽ ശാപം ചൊരിയേണമേ. ഉസ്സ്വയുടെമേലും, അവർ അല്ലാഹുവിനോടും അവന്റെ റസൂലിനോടും നന്ദികേടു കാണിച്ചിരിക്കുന്നു. കോപം കൊണ്ട് അവർ അല്ലാഹുവിനേയും അവന്റെ റസൂലിനേയും ധിക്കരിച്ചിരിക്കുന്നു. ഗിഫ്ഫാർ ഗോത്രത്തിന് അല്ലാഹു പൊറുത്തു കൊടുക്കുമാറാകട്ടെ. അസ്‌ലം ഗോത്രത്തെ സമാധാനത്തിലാക്കുകയും ചെയ്യുമാറാകട്ടെ. *(സ്വഹീഹ് മുസ്‌ലിം, കിതാബുൽമസാജിദ്, ഹദീഥ് 1557)*

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) റജീഅ്, ബിഅ്ർ മഊനഃ സംഭവങ്ങളെ പറ്റി നബി(സ)തിരുമേനിക്ക് അറിയിപ്പ് ലഭിച്ചതിനെ സംബന്ധിച്ച് പറയുന്നു:

“ഈ സംഭവങ്ങൾ അറിഞ്ഞ ദിവസം മുതൽ നബി(സ)തിരുമേനി തുടർച്ചയായി 30 ദിവസം, ഫജ്ർ നമസ്കാരത്തിലെ ഇഅ്തിദാലിൽ വളരെ വിലപിച്ചു കൊണ്ട് രിഅ്ൽ, ദക്വാൻ, ഉസ്സ്വയ, ബനൂലഹ്യാൻ ഗോത്രങ്ങളുടെ പേരെടുത്ത് പറഞ്ഞ് അല്ലാഹുവിന്റെ സവിധത്തിൽ ഇങ്ങനെ ദുആ ചെയ്തിരുന്നു: അല്ലയോ നാഥാ! ഞങ്ങളുടെ അവസ്ഥയിൽ ഞങ്ങൾക്കുമേൽ കരുണ ചൊരിയേണമേ! നിന്റെ ദീനിനെ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി വളരെ നിർദ്ദാക്ഷിണ്യം, കഠിന ഹൃദയരായി മുസ്‌ലിമീങ്ങളുടെ രക്തം ചിന്തുന്ന ഇസ്‌ലാം ശത്രുക്കളുടെ കൈകളെ നീ തന്നെ തടയേണമേ!” *(സീറത്ത് ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ(റ) പേജ് 521)*

ഇതാണ് ബിഅ്ർ മഊനഃ സരിയ്യത്ത് സംഭവം.


ഞാൻ സാധാരണ പറയാറുള്ളതുപോലെ മർദ്ദിതർക്കുവേണ്ടി, ഫലസ്തീനിലെ മർദ്ദിതർക്കുവേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുവാൻ ആഹ്വാനം ചെയ്യുകയാണ്. അല്ലാഹു ദ്രോഹികളെ എത്രയും പെട്ടെന്ന് പിടികൂടുന്നതിന് വഴിയൊരുക്കുമാറാകട്ടെ. നിർദ്ദോഷികളെ, സ്വഹാബാക്കളെ വധിച്ചതുപോലെ കൊല്ലുകയാണ്. ചതിയിലൂടെ ചിലപ്പോൾ ഒരിടത്തേക്ക് കൊണ്ടുപോകുന്നു, മറ്റു ചിലപ്പോൾ മറ്റു സ്ഥലത്തേക്ക് കൊണ്ടുപോകുകയും പിന്നാലെ അവിടെ ബോംബ് വർഷിക്കുകയും ചെയ്യുന്നു. അല്ലാഹു കരുണ ചെയ്യുമാറാകട്ടെ. ലോകത്തിന്റെ പൊതുവായ അവസ്ഥക്കു വേണ്ടിയും ദുആ ചെയ്യുക. ലോകം അതിശീഘ്രം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. യുദ്ധ സാഹചര്യം പ്രകടമായിക്കൊണ്ടിരിക്കുന്നു. അല്ലാഹു അഹ്മദികളെ യുദ്ധത്തിന്റെ ദോഷഫലങ്ങളിൽ നിന്നും ദ്രോഹങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾക്കു വേണ്ടിയും പ്രത്യേകം ദുആ ചെയ്യുക. ഇപ്പോൾ വീണ്ടും അവർക്ക് പ്രയാസങ്ങൾ വർധിച്ചു കൊണ്ടിരിക്കുകയാണ്. അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. ദ്രോഹികളിൽ നിന്ന് അവരേയും സംരക്ഷിക്കുമാറാകട്ടെ. (വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി)

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...
**The Weekly BADR Qadian (Malayalam)**

## • അല്ലാഹുവിന്റെ കലാം •

**“എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല.”** *(വിശുദ്ധ ഖുർആൻ 51:57)*


tectona
feels more confidence
All Types Of Quality Furniture

## • കലാമുൽ ഇമാം •

**‘അല്ലയോ എന്റെ ബയ്അത്തിൽ പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരേ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ.’** *(ഇസാലയെ ഔഹാം, പേജ് 825)*

താലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

പേജ് 8 ൽ നിന്ന്

സാധ്യമാക്കിത്തീർക്കട്ടെ. ഇതെന്റെ പ്രതീക്ഷയും പ്രാർഥനയുമാണ്.' *( Ibid, പേജ് 135 - 136)*

മാനവികതയുടെ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ ജീവിതത്തിന്റെ അവസാനം ചെയ്ത പ്രസംഗം '**ഹജ്ജത്തുൽവിദാ**' എന്ന പേരിൽ പ്രസിദ്ധമാണ്. അതിൽ ആ മഹാത്മാവ് ചെയ്ത പ്രസംഗം എന്നെന്നും തലയുയർത്തിപ്പിടിക്കുന്ന ഉദാത്തമായ പതാകയാണ്. അത് പുനരുദ്ധാനനാൾ വരെ പാറിപറന്നുകൊണ്ടിരിക്കും. മനുഷ്യകുലത്തിന് മാനവികതയുടെ ഉപദേശം നല്കിക്കൊണ്ടിരിക്കും.

അവിടന്ന് ഹിജറ 9 ദിൽഹജ്ജ് 11-ന് അവിടെ സന്നിഹിതരായിരുന്ന മുസ്ലിമീങ്ങളുടെ മുമ്പിൽനിന്നുകൊണ്ട് നല്കിയ ഖുത്വ്ബയിൽ പറഞ്ഞു: "അല്ലയോ ജനങ്ങളേ! കേട്ടുകൊള്ളുക. നിങ്ങളുടെ ദൈവം ഏകനാകുന്നു. ഇപ്രകാരം തന്നെ നിങ്ങളുടെ പിതാവും ഏകനാകുന്നു. (അതായത് നിങ്ങളെല്ലാം ആദമിന്റെ സന്താനപരമ്പരയുമായി ബന്ധപ്പെട്ടിരിക്കുന്നു). ഏതെങ്കിലും അറബിക്ക് അനറബിയുടെമേലോ ഏതെങ്കിലും വെളുത്തവന് കറുത്തവന്റെമേലോ ഏതെങ്കിലും കറുത്തവന് വെളുത്തവന്റെമേലോ ഒരു ശ്രേഷ്ഠതയുമില്ല; തഖ്വാ കൈക്കൊള്ളുന്ന സാത്വികനൊഴികെ. ഓർമിച്ചു കൊള്ളുക! അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ ഏറ്റവും അധികം ഭക്തനും സൂക്ഷ്മതയുള്ളവനുമാകുന്നു."

തുടർന്നു ആ മഹാത്മാവ് പറഞ്ഞു: 'എല്ലാ മനുഷ്യരും അവർ ഏതു ജനതയിലുള്ളവരായാലും ഏതു നിലയ്ക്കുള്ളവരായാലും മനുഷ്യനെന്ന നിലയിൽ ഒരേയൊരു സ്ഥാനം ഉൾക്കൊള്ളുന്നു.'

ഇത്രയും പറഞ്ഞശേഷം നബി(സ)തിരുമേനി തന്റെ കൈകൾ ഉയർത്തി ഒരു കൈയിലെ വിരലുകൾ മറ്റേ കൈയിലെ വിരലുകളോടു കോർത്തുപിടിച്ചു കൊണ്ട് പറഞ്ഞു: "രണ്ട് കൈകളിലേയും വിരലുകൾ തുല്യമായിരിക്കുന്നതുപോലെ മനുഷ്യരെല്ലാം തുല്യരാകുന്നു. ഒരാൾക്കും മറ്റൊരാളേക്കാൾ ഒരു അധികാരവും മേന്മയുമില്ല. നിങ്ങളെല്ലാം പരസ്പരം സഹോദരന്മാരെ പോലെയാകുന്നു."

ഇത് സുദീർഘമായൊരു പ്രഭാഷണമാണ്. അതിൽ കീഴിലുള്ളവരോടും അടിമകളോടും സ്ത്രീകളോടും നല്ലരീതിയിൽ പെരുമാറണമെന്ന് ഉപദേശിച്ചുകൊണ്ട് അവസാനം പറഞ്ഞു. "ഞാൻ ഇന്ന് പറഞ്ഞിരിക്കുന്നതെന്തോ അത് നിങ്ങൾ ഭൂമിയുടെ കോണുകളോളം എത്തിക്കണം. എന്റെ ഈ പ്രസംഗം കേട്ടിട്ടില്ലാത്തവർ ഒരുപക്ഷേ, കേട്ടിട്ടുള്ളവരെക്കാൾ അതിൽനിന്നു ഫലം എടുത്തുവെന്നുവരാം." *(ബുഖാരി, കിതാബുൽ മഗാസി, ബാബ് ഹജ്ജത്തുൽ വിദാ)*

ഒരു ഇന്ത്യൻ ഫിലോസഫർ മിസ്റ്റർ കെ.എസ്. രാമകൃഷ്ണറാവു - പല ഗ്രന്ഥങ്ങളുടേയും കർത്താവാണ് അദ്ദേഹം, 2011-ൽ ഭാരതസർക്കാർ അദ്ദേഹത്തിന് പത്മശ്രീ അവാർഡ് നല്കി അനുഗ്രഹിച്ചിട്ടുണ്ട് - 1991-ൽ നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തിലും മാനവികതയെ ആദരിച്ചുകൊണ്ടു ചെയ്ത പ്രവർത്തനങ്ങളിലും ആകർഷിതനായി ഏത് വാക്കുകളിലാണ് അഭിവാദ്യം അർപ്പിച്ചത്, അദ്ദേഹത്തിന്റെ ഒന്നു രണ്ട് ഉദ്ധരണി ഇംഗ്ലീഷിൽനിന്ന് ഉർദുവിൽ തർജമ ചെയ്ത് കേൾപ്പിക്കുകയാണ്.

"ആഗോള സാഹോദര്യബന്ധത്തിന്റെ നിയമങ്ങളും മാനുഷിക സമത്വത്തിന്റെ അധ്യാപനവും അദ്ദേഹം അവതരിപ്പിച്ചത് മാനവികതയുടെ സാമൂഹികമായ പരിണാമത്തിൽ അവിടത്തെ മഹത്തായ പങ്കാളിത്തത്തെ പ്രതിബിംബിക്കുന്നു. എല്ലാ വലിയ മതങ്ങളും ഇതേ അധ്യാപനങ്ങളാണ് നല്കിയത്. പക്ഷേ, ഇസ്ലാമിന്റെ സ്ഥാപകർ ഈ വീക്ഷണത്തിന്റെ കർമപരമായ മാതൃക അവതരിപ്പിച്ചു. നൂറ്റാണ്ടുകൾക്കു ശേഷം അന്താരാഷ്ട്ര മനസ്സാക്ഷി ഉണരുന്നതുമൂലം വംശീയ പക്ഷപാതിത്വം അവസാനിക്കുകയും എല്ലാ മനുഷ്യരും സാഹോദര്യത്തിന്റെ മാലയിൽ കോർക്കപ്പെടുകയും ചെയ്യുമ്പോൾ ഇക്കാര്യത്തിന്റെ പ്രാധാന്യത്തിന്റെ മതിപ്പുളവാക്കിയേക്കാം. ശക്തന്മാർ, കരബലംകൊണ്ട് അനന്തരാവകാശം കൈക്കലാക്കിയിരുന്ന സമ്പ്രദായം അറബികളിലുണ്ടായിരുന്നു. എന്നാൽ, ഇസ്ലാം ദുർബല വിഭാഗത്തിന്റെ ധ്വജവാഹകരായി. അത് സ്ത്രീകളെ മാതാപിതാക്കൾ വിട്ടുപോകുന്ന സ്വത്തിന്റെ അനന്തരാവകാശികളാക്കി. ജനാധിപത്യത്തിന്റെ പ്രാരംഭപാഠശാല എന്നു പറയപ്പെടുന്ന ഇംഗ്ലണ്ടിൽ 1881-ൽ ഇസ്ലാമിന്റെ ഈ നിയമം സ്വായത്തമാക്കപ്പെട്ടു. ഈ നിയമം *The Married Woman's Act* എന്ന പേരിൽ അറിയപ്പെട്ടു. ചരിത്രപരമായ രേഖകളിൽനിന്ന് വ്യക്തമാകുന്നത് മുഹമ്മദിന്റെ കൂടെ ഉണ്ടായിരുന്ന എല്ലാവരും മിത്രങ്ങളാവട്ടെ, ശത്രുക്കളാവട്ടെ, മുഹമ്മദ്(സ)ന്റെ പ്രതാപപരമായ പ്രത്യേകതകളും നിർമലമായ വിശ്വസ്തതയും, ജീവപരിത്യാഗവും ഭയഭക്തിയും അതിനു പുറമെ ജീവിതത്തിന്റെ എല്ലാ രംഗത്തുമുള്ള മാനുഷികമായ ശീലങ്ങളിലും ജീവിതരീതികളിലുമുള്ള അവിടത്തെ മാതൃകയെ ഉത്തമമായി അംഗീകരിക്കുന്നു. ഒരു വിശ്വസ്തനായ മനുഷ്യൻ ദൈവത്തിന്റെ ഉത്തമസൃഷ്ടിയാണെന്ന് പറയപ്പെടുന്നു. മുഹമ്മദ്, വിശ്വസ്തതയിലും സത്യസന്ധതയിലും ഉന്നത സ്ഥാനീയനായിരുന്നു. മാനവികത അദ്ദേഹത്തിൽ അലിഞ്ഞുചേർന്നിരുന്നു. അവിടത്തെ ആത്മാവ് സൃഷ്ടികളോടുള്ള സ്നേഹത്തിന്റേയും അനുകമ്പയുടേയും ഗാനം ആലപിക്കാറുണ്ടായിരുന്നു. മനുഷ്യന് സേവനം ചെയ്യൽ, മനുഷ്യന് ഉയർച്ച നല്കൽ, മനുഷ്യനെ സംസ്കരിച്ചെടുക്കുക, മനുഷ്യനെ പഠിപ്പിക്കുക എന്നു തുടങ്ങി മനുഷ്യനെ മനുഷ്യനാക്കുക എന്നത് അദ്ദേഹത്തിന്റെ ലക്ഷ്യസ്ഥാനവും ജീവിതോദ്ദേശ്യവുമായിരുന്നു. അവിടത്തെ ജീവിതത്തിന്റെ ഏകചാലകശക്തിയും, മാർഗദർശന സിദ്ധാന്തവും, അത് അദ്ദേഹത്തിന്റെ ചിന്താധാരയിൽനിന്നും വാക്കുകളിൽനിന്നും കർമങ്ങളിൽനിന്നും വ്യക്തമായും പ്രകടമാകുന്ന മാനവികതയുടെ നന്മയാണ്." *(ഉസ്വയെ ഇൻസാനെ കാമിൽ ഹാഫിള് മുസഫ്ഫർ അഹ്മദ്, പേജ് 628 - 629 ൽ നിന്നെടുത്തത്)*

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

കഹ്ത്തെ ഹെ യൂറോപ് കെ നാദാൻ  
ഈ നബി കാമിൽ നഹീ  
വഹ്ശിയോംമെ ദീൻകാ ഫൈലാനാ യെ  
കിയാ മുശ്ക്കിൽ ഥാ കാർ  
പർ ബനാനാ ആദ്മീ വഹ്ശീ കൊ  
ഹെ ഇക് മുഅ്ജിസ  
മഅ്നയെ റാസ് നുബുവ്വത്ത് ഹെ  
ഉസീസെ ആശിക്കാർ

ഇത് യാഥാർഥ്യമാണ്. നബി(സ)തിരുമേനിയുടെ ദിവ്യാത്ഭുതങ്ങളിൽ ഒരു ദിവ്യാത്ഭുതമാണ് അവിടന്ന് അറേബ്യയിലെ കാട്ടറബികളും മൃഗസ്വഭാവമുള്ളവരുമായ ജനതയെ മാനുഷികമൂല്യങ്ങൾ പഠിപ്പിച്ചത്. കാട്ടാളനെ മനുഷ്യനായും പിന്നെ അവനെ ധാർമിക മനുഷ്യനായും ഒടുക്കം ആത്മസിദ്ധികളോടുകൂടിയ ദൈവഭക്തനായും പരിണമിപ്പിച്ചു. മാനവികതയുടെ ആദരവിനെ അത്യുന്നതിയിലെത്തിച്ചു.

**യാ റബ്ബി സ്വല്ലി അലാ നബിയ്യിക്ക ദാഇമൻ**

**ഫീ ഹാദിഹിദ്ദുൻയാ വബഅ്ഥിൻ ഥാനീ**

***അല്ലാഹുമ്മ സ്വല്ലിഅലാ മുഹമ്മദിൻ വ അലാ ആലി മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻമ്മജീദ്.***(സമാപിച്ചു) )

പേജ് 1 ൽ നിന്ന്

സന്താനങ്ങളും ലഭിക്കുമെന്ന്. അവൻ അദൃശ്യകാര്യങ്ങളുടെ മണ്ഡലങ്ങളിലേക്ക് തലയുയർത്തി നോക്കിയിട്ടുണ്ടോ? അല്ലെങ്കിൽ അല്ലാഹുവിങ്കൽനിന്ന് വല്ല കരാറും അവൻ കരസ്ഥമാക്കി വെച്ചിട്ടുണ്ടോ?*(ബുഖാരി, വാള്യം 4, കിതാബുൽബുയൂഅ്, പ്രസാധനം 2008 ഖാദിയാൻ)*

......☆......☆......☆......

പേജ് 1 ൽ നിന്ന്

യുമുണ്ട്. അതായത് ജനങ്ങൾ ഒരു വ്യക്തിയുടെ കൈയിൽ സാമൂഹികാഭിവൃദ്ധിക്കുവേണ്ടി പ്രതിജ്ഞ ചെയ്യുന്നു. ഇതിന്റെ പേര് ഖിലാഫത്തെന്നാണ്. ആ പ്രതിജ്ഞയും ഇതിന്റെ ഉള്ളിലടങ്ങിയിട്ടുണ്ട്. ഈ ആയത്തിൽ അതിലേക്കുള്ള സൂചനയും അടങ്ങിയിരിക്കുന്നു. പറയുന്നു: അല്ലാഹു നിങ്ങളുടെ ഒരു ജമാഅത്തുണ്ടാക്കിയിരിക്കുന്നു. ഒരു വ്യവസ്ഥിതി സ്ഥാപിച്ചിരിക്കുന്നു. നിങ്ങൾ ഈ വ്യവസ്ഥിതി പാലിക്കുമെന്ന് സത്യം ചെയ്തിരിക്കുന്നു. ഇനി അത് പാലിച്ചുകൊണ്ടിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ നിങ്ങളുടെ ത്യാഗങ്ങൾ മുഖേന ഇസ്ലാമിന്റെ ഏതൊരു ആദരയുക്തമായ ഭയമാണോ സ്ഥാപിതമായത് അത് പൊയ്പ്പോകുന്നതാണ്. പിന്നീട് ആദ്യം മുതൽ അതിന് ശ്രമിക്കേണ്ടിവരും. വളരെ വലിയൊരു രാഷ്ട്രീയപരമായ പോയന്റാണ് ഇപ്പറഞ്ഞിട്ടുള്ളത്. കുറച്ചാളുകളുടെ ഭിന്നിപ്പുകൊണ്ട് സർവവ്യവസ്ഥിതിയും തകരുകയും ജനതയുടെ അധ്വാനം നഷ്ടപ്പെട്ടുപോകുകയും വീണ്ടും ആദ്യം മുതൽ അധ്വാനത്തിന്റേയും ത്യാഗത്തിന്റേയും ആവശ്യമുണ്ടാകുകയും ചെയ്യും!

ഈ ആയത്തിന്റെ വാക്കുകളിൽനിന്ന്, അതിൽ അന്യജനതകളോടു ചെയ്യുന്ന ഉടമ്പടികളെ സംബന്ധിച്ചും പറഞ്ഞിരിക്കുന്നതായി മനസ്സിലാകുന്നു. ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ ഈ ആയത്തിനെ ഒരു സുസ്ഥിരമായ വിഷയമായി നിശ്ചയിക്കേണ്ടിവരും. അതായത് ലാ തകൂനൂ എന്നുതുടങ്ങുന്ന ആയത്തിലൂടെ പുതിയ വിഷയം തുടങ്ങുന്നതായി മനസ്സിലാക്കപ്പെടും. അതിന്റെ ഉദ്ദേശ്യം ഇതായിരിക്കും, എപ്രകാരം അല്ലാഹുവുമായുള്ള ഉടമ്പടിയുടേയും സ്വന്തം ആന്തരികമായ ഉടമ്പടിയുടേയും പാലനം നിർബന്ധമാണോ അതേപ്രകാരം മറ്റു ജനതകളോടു ചെയ്തിട്ടുള്ള ഉടമ്പടിയും പാലിക്കേണ്ടത് നിർബന്ധമാണ്. ഈ ഉടമ്പടികൾ കാത്തുസൂക്ഷിക്കുക. ഇല്ലെങ്കിൽ ലോകത്തിന്റെ സമാധാനം തകരുന്നതായിരിക്കും. ദഖലൻ എന്ന പദവും ഇതേ കാര്യമാണ് പ്രകടിപ്പിക്കുന്നത്. ***കല്ലത്തീ നഖളത്ത് ഗസലഹാ മിൻബഅ്ദി ഖുവ്വത്തിൻ***(താൻ നൂൽനൂറ്റ് അതിനെ ശക്തമായി പിരിച്ചതിനുശേഷം (തിരിയെ അഴിച്ച്) ഇഴകളായി വേർപ്പെടുത്തിയ ഒരുവളെപ്പോലെ നിങ്ങളായിത്തീരരുത്)എന്നതുകൊണ്ടുള്ള ഉദ്ദേശ്യവും ഇതുതന്നെയാണ്. അതായത് സമാധാനം സ്ഥാപിതമായതിനുശേഷം കലഹത്തിന്റെ അവസ്ഥ ഉണ്ടാക്കാതിരിക്കുക." *(തഫ്സീറെ കബീർ, വാള്യം 4, പേജ് 229, പ്രസാധാനം ഖാദിയാൻ 2010)*

**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

**രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ.**

**വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.**

**1800 3010 2131**

**ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.**

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-9 Thursday 11 July 2024 Issue-28

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# ത്യാഗങ്ങളുടെ ആത്മാവിനു പിന്നിൽ ദൈവതൃപ്തിയും ഭയഭക്തിയുമാണ്

## സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ

## 29 – 6 – 2023 – ന് ചെയ്ത ബലിപ്പെരുന്നാൾ ഖുത്വ്ബയുടെ സംഗ്രഹം

لَنۡ یَّنَالَ اللّٰہَ لُحُوۡمُہَا وَلَا دِمَآؤُہَا وَلٰکِنۡ یَّنَالُہُ التَّقۡوٰی مِنۡکُمۡ ؕ کَذٰلِکَ سَخَّرَہَا لَکُمۡ لِتُکَبِّرُوا اللّٰہَ عَلٰی مَا ہَدٰىکُمۡ ؕ وَبَشِّرِ الۡمُحۡسِنِیۡنَ ﴿۳۸﴾

**അവയുടെ മാംസമോ രക്തമോ അല്ലാഹുവിനൊരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു; അല്ലാഹു നിങ്ങൾക്ക് നേർമാർഗം കാണിച്ചു തന്നതുനിമിത്തം നിങ്ങളവനെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടി. സദ്വൃത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക.** (22:38)

ബലിപെരുന്നാളെന്ന് അറിയപ്പെടുന്ന ***ഈദുൽ അള്ഹ*** ദിനമാണ് ഇന്ന്. അല്ലാഹുവിന്റെ അനു ഗ്രഹത്താൽ സാമ്പത്തിക ത്യാഗങ്ങൾ ചെയ്യുന്ന ശീലം അഹമദികൾക്കുണ്ട്. എന്നാൽ, ഈ കാലഘട്ടത്തിൽ, അല്ലാഹുവിനുവേണ്ടി ആത്മാർഥമായി ജീവൻ ബലിയർപ്പിക്കാൻ അഹ്മദികളെപ്പോലെ മറ്റാർക്കും സാധിക്കുകയില്ല. അതിനാൽ ആടുമാടുകൾക്ക് അല്ലാഹുവിന്റെ കൽപ്പന അനുസരിച്ചും നബി[സ]തിരുമേനിയുടെ സുന്നത്തനുസരിച്ചും ചെലവഴിക്കുന്നത് അഹ്മദികളെ സംബന്ധിച്ചിടത്തോളം അളവറ്റ സന്തോഷമാണ്. (പക്കിസ്താൻപോലുള്ള രാജ്യങ്ങളിൽ) ഈ ബലിയർപ്പിക്കാൻ കഴിയാത്തവരുടെ വൈകാരികാവസ്ഥ വിലയിരുത്തുക വളരെ പ്രയാസമാണ്. എന്തായാലും അഹ്മദികൾക്ക് ഈ ദിവസങ്ങളിൽ തങ്ങളുടെ വികാരങ്ങൾ ബലിയർപിക്കേണ്ടിവരുന്നത് നിസ്സാര കാര്യമല്ല. (ഇത്തരംസ്ഥലങ്ങളിൽ) ആ വികാരങ്ങൾ അല്ലാഹുവിന്റെ സവിധത്തിൽ പ്രാർഥനകളാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്. പ്രാർഥനകളിൽ വലിയ ശക്തിയുണ്ട്. ഹദ്റത്ത് ഹാജറ[അ]യുടെയും ഹദ്റത്ത് ഇസ്മായീൽ[അ]ന്റെയും പ്രാർഥനകളും തേങ്ങലുകളും അസ്വസ്ഥതകളും അല്ലാഹുവിലുള്ള അവരുടെ തവക്കലുമാണ് ആ അരുവി ഒഴുക്കിയതും, ഇസ്ലാമിന്റെ കേന്ദ്രമായ ആ നഗരത്തെ വാർത്തെടുത്തതും! അതിനാൽ, ***ഈദുൽ അള്ഹാ*** ദിവസം ബലിയിലൂടെ - നമുക്കൊരു മൃഗത്തെ ബലി നൽകിയാൽ മതി എന്ന പാഠം മാത്രം ഉൾക്കൊള്ളാതിരിക്കേണ്ടത് നമ്മുടെ കടമയാണ്. ത്യാഗത്തിന്റെ ആത്മാവിന് പിന്നിലെ യഥാർഥകാര്യം നമ്മുടെ എല്ലാ ത്യാഗങ്ങളിലും ഉപയോഗപ്രദമാകുന്ന ദൈവതൃപ്ത ആഗ്രഹിക്കലും ഭക്തിയുമാണ്.

ഹദ്റത്ത് ഇബ്റാഹിം[അ] തന്റെ സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഇസ്മായീലി[അ]നോട് ഞാൻ നിന്നെ അറുക്കുന്നത് സ്വപ്നത്തിൽ കണ്ടു; ഇതിനെക്കുറിച്ച് നിന്റെ അഭിപ്രായമെന്താണെന്ന് ചോദിച്ചപ്പോൾ, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ആഗ്രഹിച്ച മകൻ, ഓ എന്റെ പിതാവേ! നിങ്ങളോടു കൽപ്പിച്ചത് ചെയ്യുക എന്ന് മറുപടി നൽകിക്കൊണ്ട് കഴുത്ത് കത്തിക്കുതാഴെ വെക്കുകയുണ്ടായി. പിതാവിന്റെയും മകന്റെയും ഈ ത്യാഗത്തിന്റെ ആത്മാവിനെ പ്രശംസിച്ചുകൊണ്ട് മകന്റെ കഴുത്തിൽ കത്തി പ്രയോഗിക്കുന്നതിൽനിന്ന് അല്ലാഹു പിതാവിനെ തടഞ്ഞു; പകരം ഒരു മൃഗത്തെ ബലി നൽകാൻ കൽപനയും നൽകി. അല്ലാഹുവിന്റെ പ്രീതി നേടാനുള്ള ഈ അഭിനിവേശവും പ്രായോഗിക പ്രകടനവും അല്ലാഹു സ്വീകരിച്ചുകൊണ്ട് ഇസ്ലാമികാധ്യാപനത്തിലും അനുഷ്ഠാനങ്ങളിലും അതിനെ ഉൾപ്പെടുത്തുകയുണ്ടായി. മനുഷ്യജീവനു പകരമായി ഒരു മൃഗത്തെ ബലിനൽകുന്നത് ബാഹ്യ പ്രകടനത്തിനു മാത്രമായല്ല വെച്ചിരിക്കുന്നത്. മറിച്ച് ഹജ്ജ് വേളയിലോ ഈദ് ദിനത്തിലോ ബലിയർപ്പിക്കാൻ മുസ്ലിമീങ്ങളോടു കൽപിച്ചപ്പോൾ ഈ ത്യാഗങ്ങൾ അവർ ഭക്തിയെ മുൻനിറുത്തിക്കൊണ്ടും ദൈവപ്രീതി ആഗ്രഹിച്ചുകൊണ്ടും ചെയ്യുമ്പോഴാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുകയും ചെയ്തു.

ഞാനോതിക്കേൾപ്പിച്ച സൂക്തത്തിൽ അല്ലാഹു ഇക്കാര്യം വിശദീകരിച്ചിരിക്കുന്നു. ഈ ആയത്തിന്റെ വെളിച്ചത്തിൽ ഈ ത്യാഗത്തിന്റെ തത്ത്വശാസ്ത്രവും ഉദ്ദേശ്യവും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ]പറയുന്നു: "അല്ലാഹു ഇസ്ലാമിക ശരീഅത്തിൽ ആവശ്യമായ പല കൽപ്പനകൾക്കും മാതൃകകൾ സ്ഥാപിച്ചിട്ടുണ്ട്. അതിനാൽ മനുഷ്യനോടു കൽപ്പിക്കപ്പെട്ടിരിക്കുന്നത്, അവൻ തന്റെ എല്ലാ ശക്തികളോടും എല്ലാ അസ്തിത്വത്തോടുംകൂടി അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗം ചെയ്യുക എന്നാണ്. അതുകൊണ്ടുതന്നെ ബാഹ്യമായ ത്യാഗങ്ങൾ ഈ അവസ്ഥയ്ക്ക് ഒരു മാതൃകയായി സജ്ജീകരിച്ചിരിക്കുകയാണ്. എന്നാൽ, യഥാർഥ ലക്ഷ്യമായി അല്ലാഹു പറയുന്നത്, നിങ്ങളുടെ ത്യാഗങ്ങളുടെ മാംസമോ രക്തമോ ദൈവത്തിലെത്തുന്നില്ല, എന്നാൽ, നിങ്ങളുടെ ഭയഭക്തിയാണ് അവനിലെത്തിച്ചേരുന്നതെന്നാണ്. അതായത്, നിങ്ങൾ അവന്റെ പാതയിൽ മരിക്കുംവിധം അവനെ ഭയപ്പെടുക, നിങ്ങളുടെ സ്വന്തം കൈകൊണ്ട് ബലിയർപ്പിക്കുന്നതുപോലെ, നിങ്ങൾ ദൈവത്തിന്റെ മാർഗത്തിൽ ബലിയായിത്തീരുക. ഏതെങ്കിലും ഭക്തി ആ സ്ഥാനത്തേക്കാൾ കുറവാണെങ്കിൽ, അത് അപൂർണമാണ്.

അതിനാൽ ഈ ഭയഭക്തിയും ചിന്തയുമാണ് ത്യാഗം ചെയ്യുന്നവന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അല്ലാത്തപക്ഷം ബാഹ്യമായ ത്യാഗം ഒന്നുമല്ല. ഈദു ബലികൾക്ക് അല്ലാഹു നമുക്ക് തൗഫീഖ് നൽകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ടേയിരിക്കുക, അല്ലാഹു നമ്മിൽ നിന്നാഗ്രഹിക്കുന്നതും നബി[സ]തിരുമേനി നമ്മോടു ഉപദേശിച്ചതും നബി[സ]തിരുമേനിയുടെ വിശുദ്ധിയുടെയും ശിക്ഷണത്തിന്റെയും ഫലമായി, സ്വഹാബികൾ സ്വായത്തമാക്കി തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിയതുമായ യഥാർഥ തഖ്വാ നമ്മുടെയുള്ളിൽ ഉണ്ടാക്കുമാറാകട്ടെ. അവരുടെ ത്യാഗങ്ങളിൽ ചെലവഴിച്ച അവരുടെ ഓരോ നിമിഷവും നമുക്ക് മാതൃകകളാണ്. പിന്നെ ഇക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്[അ] മുഖേന അത് പുനരുദ്ധരിക്കപ്പെട്ടു. ഭക്തിയുടെ പാത പിന്തുടരാൻ ആ മഹാത്മാവ് ആവർത്തിച്ച് ഉപദേശിക്കുകയുണ്ടായി.

ഒരു വ്യക്തിക്ക് നബി[സ]തിരുമേനിയുടെ മതത്തെ എപ്പോഴാണ് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുക എന്നതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്[അ] ഒരിടത്ത് പറയുന്നു: "ദൈവത്താൽ ശുദ്ധീകരിക്കപ്പെടാതെ ആർക്കും പരിശുദ്ധനാകാൻ കഴിയുകയില്ല. വിനയവും നിസ്സഹായതയുംകൊണ്ട് അവന്റെ ആത്മാവ് ദൈവത്തിന്റെ വാതിൽക്കൽ വീഴുമ്പോൾ, അല്ലാഹു അവന്റെ ദുആ സ്വീകരിക്കുകയും അവൻ മുത്തഖിയാകുകയും ആ സമയത്ത് അവന് നബി[സ]തിരുമേനിയുടെ മതം മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. അതില്ലാതെ അവൻ ദീൻ ദീൻ എന്നു പറഞ്ഞ് പ്രാർഥിക്കുന്നതും ആരാധിക്കുന്നതുംമറ്റും പരമ്പരാഗത അനുകരണങ്ങളാലുള്ള ഔപചാരികമായ കാര്യങ്ങളും ചിന്തകളുമാണ്. വിനയവും നിസ്സഹായതയുംകൊണ്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ആത്മാവു വീണതാണ് ഹദ്റത്ത് ഇബ്രാഹീം[അ]നും ഹദ്റത്ത് ഇസ്മായീൽ[അ]നും ഹദ്റത്ത് ഹാജറ[അ]യ്ക്കും സ്വീകാര്യതയുടെ പദവി നേടിക്കൊടുത്തത്, അവരുടെ സ്വീകാര്യമായ പ്രാർഥനയുടെ ഫലം നാമിപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ആ സ്വീകാര്യമായ പ്രാർഥനകളാണ് തന്റെ പരമ്പരയിൽ ഒരു മഹാനായ മനുഷ്യന്റെ ജനനത്തിന് കാരണമായത്, അവിടന്നുമായി ബന്ധം പുലർത്തുകയും അവിടത്തെ പിന്തുടരുകയും ചെയ്യുന്നതുകൊണ്ട്, അല്ലാഹുവിനെ പ്രാപിക്കുകയും പ്രാർഥനകൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹിൽ നമ്മൾ യഥാർഥത്തിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ, നമ്മുടെ ദൗത്യം, തഖ്വായിൽ ചലിച്ചുകൊണ്ട് നബി[സ]തിരുമേനിയുടെ മതത്തെക്കുറിച്ച് ഒരു ഗ്രാഹ്യം വളർത്തിയെടുക്കുക എന്നതാണ്. തുടർന്ന് അല്ലാഹു നമ്മുടെ പ്രാർഥനകൾ എങ്ങനെയാണ് കേൾക്കുന്നതെന്ന് കാണുന്നതായിരിക്കും.

ത്യാഗത്തിന്റെ തത്ത്വശാസ്ത്രവും തഖ്വായുടെ യാഥാർഥ്യവും വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] ഒരിടത്തു പറയുന്നു: പരിശുദ്ധരായവർ ആത്മാവിലും ആത്മീയതയിലും അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നു; അല്ലാതെ അവരുടെ മാംസവും അസ്ഥികളുമല്ല ദൈവത്തിലേക്ക് പോകുന്നത്. അതിനാൽ വീണ്ടും ഞാൻ ഉപദേശിക്കുന്നത് നിങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനാണ്. മനുഷ്യന്റെ ത്യാഗങ്ങളുടെ സ്വീകാര്യതയുടെ ഉറവിടമായി മാറുന്ന മൂലധനം സൽക്കർമങ്ങളാണ്. അല്ലാഹുവിന്റെയും അവന്റെ ദാസരുടെയും അവകാശങ്ങൾ നൽകപ്പെടുന്നവയാണ് യഥാർഥ സൽകർമങ്ങൾ. (തുടരും)

AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.
Search

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin